# ഗ്ലോബൽ ഫോറസ്റ്റ് ആൻഡ് ട്രേഡ് നെറ്റ്‌വർക്ക് – ഇന്ത്യ

## പങ്കാളിത്ത നിയമങ്ങൾ

1. ആമുഖം

ദ ഗ്ലോബൽ ഫോറസ്റ്റ് ആൻഡ് ട്രേഡ് നെറ്റ്‌വർക്ക് (ജിഎഫ്ടിഎൻ) എന്നത് നിയമാനുസൃതമല്ലാത്ത മരംവെട്ട് ഇല്ലാതാക്കാനും ഫോറസ്റ്റ് മാനേജ്മെന്റിൽ മെച്ചപ്പെട്ട പരിഷ്കാരങ്ങൾ കൊണ്ടുവരാനും ഉള്ള സംരംഭമാണ്. ഉത്തരവാദിത്തമുള്ള വനപരിപാലനം ലക്ഷ്യം വയ്ക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതിൽ പ്രതിജ്ഞാബദ്ധമായ കമ്പനികൾക്കിടയിൽ കച്ചവട ബന്ധങ്ങൾ സുഗമമാക്കുക വഴി, ലോകത്തിലെ വിലമതിക്കാനാവാത്തതും ഭീഷണി നേരിടുന്നതുമായ വനങ്ങൾ സംരക്ഷിക്കാൻ സഹായിക്കുന്ന വിപണി സാഹചര്യങ്ങളെ സൃഷ്ടിക്കാനും ഒപ്പം തന്നെ ഈ വനങ്ങളെ, അവയെ ആശ്രയിച്ച് ജീവിക്കുന്ന ബിസിനസുകൾക്കും ആളുകൾക്കും സാമ്പത്തികവും സാമൂഹികവുമായ നേട്ടങ്ങൾ പ്രദാനം ചെയ്യാനും ജിഎഫ്ടിഎൻ ശ്രമിക്കുന്നു.

ഈ പങ്കാളിത്ത നിയമങ്ങൾ എല്ലാ ജിഎഫ്ടിഎൻ പങ്കാളികൾക്കും ബാധകമാണ്

## പങ്കാളികൾ

### പങ്കാളിത്തത്തിന് അർഹതയുള്ള സ്ഥാപനങ്ങൾ

ഇനി പറയുന്ന സ്ഥാപന വിഭാഗങ്ങൾക്ക് ജിഎഫ്ടിഎൻ പങ്കാളിത്തം ലഭിക്കും.

- **ഫോറസ്റ്റ് മാനേജർമാർ:** മര ഉരുപ്പടിയുടെ ഉൽപാദനത്തിനായി വന പരിപാലനത്തിന് ഉത്തരവാദിത്തമുള്ള കമ്പനികൾ, സമൂഹങ്ങൾ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ.
- **പ്രോസസർമാർ:** സോമില്ലുകൾ, പ്ലൈവുഡ് – വെനീർ മില്ലുകൾ, പൾപ്പ് – പേപ്പർ മില്ലുകൾ
- **മാനുഫാക്ചർമാർ:** വനോൽപന്നങ്ങളുടെ ഉൽപാദകർ
- **ട്രേഡർമാർ:** വനോൽപന്നങ്ങളുടെ റീട്ടെയിലർമാർ, ഇറക്കുമതിയോ കയറ്റുമതിയോ ചെയ്യുന്നവർ, മറ്റ് വിതരണക്കാർ
- **സ്പെസിഫയർമാർ:** വനോൽപന്നങ്ങൾ വ്യക്തപ്പെടുത്തുന്ന ആർക്കിടെക്റ്റുകൾ, എഞ്ചിനീയർമാർ, മറ്റ് സ്ഥാപനങ്ങൾ
- **എൻഡ് യൂസർമാർ:** ആത്യന്തികമായി വനോൽപന്നങ്ങൾ ഉപയോഗിക്കുന്ന കമ്പനികളും നിർമാണ കമ്പനികളും

### പങ്കാളി വിഭാഗങ്ങൾ

പങ്കാളിത്തത്തിന് രണ്ട് പ്രമുഖ വിഭാഗങ്ങളാണ് ജിഎഫ്ടിഎന്നിൽ ഉള്ളത് – **വന പങ്കാളികളും കച്ചവട പങ്കാളികളും** (നിർവചനങ്ങൾക്ക് വിഭാഗം 14 കാണുക). രണ്ട് വിഭാഗങ്ങളിലും പ്രവർത്തിക്കുന്ന പങ്കാളികൾ വന പങ്കാളി ആയും കച്ചവട പങ്കാളി ആയും പ്രത്യേകം ചേരേണ്ടതുണ്ട്. ഒപ്പം തന്നെ, വന പങ്കാളിത്തത്തിന്റെയും കച്ചവട പങ്കാളിത്തത്തിന്റെയും ആവശ്യകതകൾ പാലിക്കുകയും വേണം.

### പ്രാദേശിക ജിഎഫ്ടിഎൻ ഓഫീസിനായുള്ള ആതിഥേയ സംഘടനയുമൊത്തുള്ള ഉടമ്പടിയിലൂടെയുള്ള പങ്കാളിത്തം

പ്രാദേശിക ജിഎഫ്ടിഎൻ ഓഫീസിനായുള്ള ആതിഥേയ സംഘടനയുമൊത്ത് ഒരു പങ്കാളിത്ത ഉടമ്പടിയിൽ ഏർപ്പെടുന്നതിലൂടെ ജിഎഫ്ടിഎന്നിലെ പങ്കാളിത്തം പങ്കാളികൾ നിയമാനുസൃതമാക്കണം. പങ്കാളിത്ത ഉടമ്പടിയിൽ ഈ നിയമങ്ങളോടുള്ള വിധേയത്വം ചേർക്കുകയും ആവശ്യപ്പെടുകയും വേണം.

### പ്രാദേശിക ജിഎഫ്ടിഎൻ ഓഫീസ്

വിഭാഗം 2.3–ന്റെ ലക്ഷ്യങ്ങൾക്കായി, പങ്കാളി ആസ്ഥാനമാക്കിയിട്ടുള്ളതോ അല്ലെങ്കിൽ പങ്കാളി അതിന്റെ വനോൽപന്നങ്ങൾ ഭൂരിഭാഗവും വിറ്റഴിക്കുന്നതോ ആയ രാജ്യത്തെയോ മേഖലയെയോ ഉൾക്കൊള്ളുന്ന ഓഫീസാണ് പ്രാദേശിക ജിഎഫ്ടിഎൻ ഓഫീസ്.

കച്ചവട പങ്കാളി ഒന്നിലധികം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, പങ്കാളിക്ക് ജിഎഫ്ടിഎന്നിൽ ചേരുന്നതിന് രണ്ട് മാർഗങ്ങൾ ഉണ്ട്. ഒന്ന്, ഒരു ഏക പ്രാദേശിക ജിഎഫ്ടിഎൻ ഓഫീസുമായുള്ള പങ്കാളിത്ത ഉടമ്പടിയിലൂടെ അല്ലെങ്കിൽ ഒന്നിലധികം പ്രാദേശിക ജിഎഫ്ടിഎൻ ഓഫീസുകളുമായുള്ള സമാന്തര പങ്കാളിത്ത ഉടമ്പടികളിലൂടെ.

വന പങ്കാളി ഒന്നിലധികം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, ജിഎഫ്ടിഎന്നിൽ പങ്കാളിത്ത വ്യാപ്തിക്കുള്ളിൽ ഉൾപ്പെടുത്തിയിട്ടുള്ള, പങ്കാളിക്ക് ഉടമസ്ഥതയുള്ളതോ അല്ലെങ്കിൽ പങ്കാളി നിയന്ത്രിക്കുന്നതോ ആയ എഫ്എംയു സ്ഥിതി ചെയ്യുന്ന ഭൂമിശാസ്ത്രപരമായ പ്രദേശത്തിന്റെ ഉത്തരവാദിത്തമുള്ള ഓരോ ജിഎഫ്ടിഎൻ പ്രാദേശിക ഓഫീസുമായും പങ്കാളി പങ്കാളിത്ത ഉടമ്പടിയിൽ ഏർപ്പെടണം.

ജിഎഫ്ടിഎന്നിന്റെ ഇന്ത്യയിലുള്ള ഓഫീസ് സ്ഥിതി ചെയ്യുന്നത് ന്യൂഡൽഹിൽ ഉള്ള ഡബ്ല്യൂഡബ്ല്യൂഎഫ് ഇന്ത്യാ സെക്രട്ടേറിയേറ്റിലാണ്.

## എല്ലാ (ജിഎഫ്ടിഎൻ-ഇന്ത്യാ) പങ്കാളികൾക്കും ഉള്ള ആവശ്യകതകൾ

ഒരു പങ്കാളി ഇനി പറയുന്നവ ചെയ്യേണ്ടതുണ്ട് –

### പങ്കാളിത്ത വ്യാപ്തി നിർവചിക്കുക

ജിഎഫ്ടിഎൻ–ഇന്ത്യയിലെ, പ്രാരംഭ പങ്കാളിത്ത വ്യാപ്തിയുടെ പരിധിക്കുള്ളിൽ ഏതൊക്കെ എഫ്എംയുകൾ, പ്രൊസസിംഗ് കേന്ദ്രങ്ങൾ, ഫാക്റ്ററികൾ, ട്രേഡിംഗ് ബിസിനസുകൾ, വനോൽപന്നങ്ങൾ എന്നിവയാണ് പെടുന്നതെന്നും, ഭാവിയിൽ, ജിഎഫ്ടിഎൻ– ഇന്ത്യയുമായി ഉടമ്പടിയിൽ ഏർപ്പെട്ട പ്രകാരം, എന്തൊക്കെ അധിക എഫ്എംയുകൾ, പ്രോസസിംഗ് കേന്ദ്രങ്ങൾ, ഫാക്റ്ററികൾ, ട്രേഡിംഗ് ബിസിനസുകൾ, ഉൽപന്ന ശ്രേണികൾ എന്നിവയിലേക്ക് വ്യാപ്തി വിപുലപ്പെടുത്തുമെന്നും പങ്കാളി വ്യക്തമാക്കണം.

### ഒ□ സീനിയർ മാനേജരെ നിയമിക്കുക:

പങ്കാളി ചെയ്യാമെന്നേറ്റിട്ടുള്ള കടമകൾ യാഥാർത്ഥ്യമാക്കുന്നതിന് പങ്കാളി ഒരു സീനിയർ മാനേജരെ നിയമിക്കേണ്ടതാണ്. സീനിയർ മാനേജർക്ക് വേണ്ടത്ര അനുഭവപരിചയം ഉണ്ടായിരിക്കേണ്ടതാണ്. ദിനംപ്രതി ജിഎഫ്ടിഎൻ–ഇന്ത്യയുമായി ബന്ധപ്പെടാൻ മറ്റൊരു വ്യക്തിയെ പങ്കാളിക്ക് കണ്ടെത്തുകയുമാകാം.

### ആശയവിനിമ ചട്ടത്തിനോടുള്ള വിധേയത്വം:

ജിഎഫ്ടിഎൻ ആശയവിനിമയ പെരുമാറ്റച്ചട്ടത്തിന് (വിഭാഗം 13 കാണുക) അനുസൃതമായിട്ടായിരിക്കണം പങ്കാളി പ്രവർത്തിക്കേണ്ടത്.

### പങ്കാളിത്ത ഗ്രാന്റ്:

ജിഎഫ്ടിഎൻ–ഇന്ത്യയിലേക്കുള്ള വിജയം വരിച്ച പങ്കാളികൾ, ജിഎഫ്ടിഎൻ–ഇന്ത്യാ പ്രോഗ്രാമിനെ സഹായിക്കാനായി, ബാധകമായ പങ്കാളിത്ത ഗ്രാന്റ്, നിശ്ചിത തീയതിയിൽ അടയ്ക്കും. വാർഷിക തടി വിറ്റുവരവിനെ അടിസ്ഥാനമാക്കി, വ്യത്യസ്ത വിഭാഗങ്ങളിലുള്ള പങ്കാളികൾക്കുള്ള ഗ്രാന്റ് ഘടനയാണ് താഴെ നൽകിയിരിക്കുന്നത്.

| GFTN-India Annual MembershIp Grant<br>ജിഎഫ്ടിഎൻ-ഇന്ത്യ വാർഷിക അംഗത്വ ഗ്രാന്റ് | |
|---|---|
| Annual Wood Turnover (INR)<br>വാർഷിക തടി വിറ്റുവരവ് (രൂപയിൽ) | Grant in INR<br>ഗ്രാന്റ്, രൂപയിൽ |
| >2,500,000 | 0 |

| | |
|---|---|
| 2,500,000-50,000,000 | 50,000 |
| 50,000,000-250,000,000 | 2,00,000 |
| 250,000,000-500,000,000 | 4,00,000 |
| 500,000,000-2,500,000,000 | 5,00,000 |
| 2,500,000,000-5,000,000,000 | 10,00,000 |
| > 5,000,000,000 | 12,00,000 |

**മത്സര (കോമ്പറ്റീഷൻ) നിയമങ്ങളോടുള്ള വിധേയത്വം**

പ്രവർത്തിക്കുന്ന രാജ്യത്തിലെ മത്സര – ആന്റി-ട്രസ്റ്റ് നിയമങ്ങളെ പങ്കാളി ബഹുമാനിക്കണം, ജിഎഫ്ടിഎൻ-ഇന്ത്യയുടെ ആഭിമുഖ്യത്തിന് കീഴിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഫോറത്തിലും, പറഞ്ഞിരിക്കുന്ന നിയമത്തിന് എതിരെയാണെന്ന് വ്യാഖ്യാനിക്കാവുന്ന തരത്തിൽ, കന്നജമർമാരെയും വിതരണക്കാരെയും പ്രവർത്തനങ്ങളെയും പറ്റി ചർച്ച ചെയ്യാൻ പാടുള്ളതല്ല.

## *വന പങ്കാളികൾക്കുള്ള* പ്രത്യേക ആവശ്യകതകൾ

*ക്രെഡിബിൾ ഫോറസ്റ്റ് സർട്ടിഫിക്കേഷനിലേക്കുള്ള* പടിപടിയായുള്ള സമീപനമാണ് ആവശ്യകതകളുടെ കൂട്ടത്തിൽ പ്രഥമഗണനീയം. *വന പങ്കാളി* ഇനി പറയുന്നവ ചെയ്യണം:

**വന സാക്ഷ്യപത്രങ്ങളുടെ പകർപ്പുകളും ബന്ധപ്പെട്ട റിപ്പോർട്ടുകളും നൽകൽ:**

പങ്കാളിത്ത വ്യാപ്തിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള, ഓരോ സർട്ടിഫൈ ചെയ്ത എഫ്എംയുവിനും, ഒരു ക്രെഡിബിൾ ഫോറസ്റ്റ് സർട്ടിഫിക്കേഷൻ സ്കീമിൽ നിന്നുള്ള നിയമസാധുതയുള്ള ഫോറസ്റ്റ് മാനേജ്മെന്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പും പ്രധാന സർട്ടിഫിക്കേഷൻ റിപ്പോർട്ടും സർട്ടിഫിക്കേഷൻ ബോഡി പിന്നീട് നടത്തുന്ന നിരീക്ഷണ സന്ദർശനങ്ങളുടെ റിപ്പോർട്ടുകളും പങ്കാളി സമർപ്പിക്കേണ്ടതുണ്ട്.

**എല്ലാ ഫോറസ്റ്റ് മാനേജ്മെന്റ് യൂണിറ്റുകളും സർട്ടിഫൈ ചെയ്യുമെന്നുള്ള പ്രതിജ്ഞാബദ്ധത**

ജിഎഫ്ടിഎൻ-ഇന്ത്യ ഓഫീസിന്റെ പരിധിയിൽ പെട്ട രാജ്യത്തിലോ രാജ്യങ്ങളിലോ പങ്കാളി നിയന്ത്രിക്കുന്ന ഓരോ എഫ്എംയുവിന്റെയും സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് തങ്ങളുടെ പ്രതിജ്ഞാബദ്ധത, ഉദ്ദേശിക്കുന്ന ഭാവി നടപടികൾ എന്നിവയെ പറ്റിയുള്ള ഒരു രേഖാമൂലമുള്ള പൊതുവായ പ്രസ്താവന ഓരോ പങ്കാളിയും സമർപ്പിക്കണം. പങ്കാളി ഇനി പറയുന്നത് ചെയ്യണം:

(a) പങ്കാളിത്തത്തിന്റെ തുടക്കത്തിൽ, ഇതിനകം തന്നെ, വിശ്വസനീയമായ തരത്തിൽ സർട്ടിഫൈ ചെയ്യപ്പെടുകയോ അല്ലെങ്കിൽ അതിനു ശേഷം സർട്ടിഫൈ ചെയ്യപ്പെടുകയോ ചെയ്ത ഓരോ എഫ്എംയുവിന്റെയും സർട്ടിഫിക്കേഷൻ നിലനിർത്തുക.

(b) പങ്കാളിത്തം തുടങ്ങിയ തീയതിയിൽ നിന്ന് അഞ്ച് വർഷത്തിനുള്ളിൽ ചുരുങ്ങിയത് ഒരു എഫ്എംയുവിന് ക്രെഡിബിൾ ഫോറസ്റ്റ് സർട്ടിഫിക്കേഷൻ നേടിയെടുക്കുക.

(c) പങ്കാളിത്തം തുടങ്ങിയ തീയതിയിൽ നിന്ന് പത്ത് വർഷത്തിനുള്ളിൽ ബാക്കിയുള്ള എല്ലാ എഫ്എംയുവിനും ക്രെഡിബിൾ ഫോറസ്റ്റ് സർട്ടിഫിക്കേഷൻ നേടിയെടുക്കുക

(d) പങ്കാളിത്ത വ്യാപ്തിയുടെ പരിധിയിലുള്ള ഓരോ എഫ്എംയുവിനും, പങ്കാളിത്ത വ്യാപ്തിയിൽ എഫ്എംയു എത്തിക്കഴിഞ്ഞ് ഒരു വർഷത്തിനകം, വനത്തിൽ നിന്ന് കച്ചവടത്തിന്റെ ആദ്യ പോയിന്റ് വരെ നിരീക്ഷിക്കാവുന്ന, ഒരു മര ഉരുപ്പടി ട്രാക്കിംഗ് സിസ്റ്റം ഉണ്ടാക്കുക.

**സർട്ടിഫൈ ചെയ്യാത്ത ഓരോ ഫോറസ്റ്റ് മാനേജ്മെന്റ് യൂണിറ്റിനും ഒ□ പ്രവർത്തന പദ്ധതി നടപ്പാക്കുക:**

പങ്കാളിത്ത വ്യാപ്തിയിൽ ഉള്ള ഓരോ സർട്ടിഫൈ ചെയ്യാത്ത എഫ്എംയുവിനും, പങ്കാളി ഇനി പറയുന്നത് ചെയ്യണം –

(a) ഉചിതമായ വൈദഗ്ധ്യവും അനുഭവപരിചയവും ഉള്ള ഒരു അസസ്മെന്റ് ടീമിനെ ഉപയോഗിച്ചുകൊണ്ട് ഒരു മൂന്നാം കക്ഷി ഓഡിറ്റർ ഒരു അടിസ്ഥാന വിലയിരുത്തൽ നടത്തണം; ഇനി പറയുന്നത് വിലയിരുത്താനാണത് –

- ക്രെഡിബിൾ ഫോറസ്റ്റ് സർട്ടിഫിക്കേഷനായുള്ള ഉചിതമായ മാനദണ്ഡത്തിന് കീഴിലാണോ എഫ്എംയു എന്നും ക്രെഡിബിൾ സർട്ടിഫിക്കേഷൻ നേടിയെടുക്കാനായി ഏതൊക്കെ കാര്യങ്ങളിലാണ് (സാഹചര്യങ്ങൾ, മാനദണ്ഡത്തിന് കീഴ്വഴങ്ങാത്തവ. ''ഗ്യാപ്പുകൾ'' എന്നും ഇവ അറിയപ്പെടുന്നു) എഫ്എംയു ശ്രദ്ധ ചെലുത്തേണ്ടതെന്നും

- എഫ്എംയുവിൽ ഹാർവന്നജ് ചെയ്യാൻ പങ്കാളിക്ക് *നിയമാനുസൃത അവകാശം* ഉണ്ടോയെന്ന്. പങ്കാളിയുടെ *ഹാർവന്നജ് ചെയ്യാനുള്ള നിയമാനുസൃതമായ അവകാശം* മറ്റൊരു കക്ഷി എതിർക്കുന്ന സാഹചര്യത്തിൽ, സ്വമേധയാ ഉള്ള തർക്കപരിഹാരത്തിനാലോ കോടതി വിധിയാലോ തർക്കത്തിന് മുമ്പുതന്നെ പരിഹാരമായെന്ന് കാണിക്കുന്ന തെളിവ് നൽകണം; അല്ലെങ്കിൽ 12 മാസത്തിനുള്ളിൽ തൃപ്തികരമായ തരത്തിൽ തർക്കം തീർക്കാം എന്ന് ഉറപ്പ് നൽകണം, ഉറപ്പ് നിറവേറ്റപ്പെടുന്നില്ല എങ്കിൽ പങ്കാളിയെ പുറത്താക്കാനുള്ള അവകാശം മാനേജർക്കുണ്ട്

(b) അഞ്ച് വർഷത്തിനുള്ളിൽ ക്രെഡിബിൾ ഫോറസ്റ്റ് സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും വനത്തിൽ നിന്ന് ആദ്യ കച്ചവട പോയിന്റ് വരെ നിരീക്ഷിക്കാൻ അനുവദിക്കുന്ന ഒരു മര ഉരുപ്പടി ട്രാക്കിംഗ് സിസ്റ്റം ഒരു വർഷത്തിനുള്ളിൽ നടപ്പാക്കാനുമായി സമയ ബന്ധിതമായ ഒരു പ്രവർത്തന പദ്ധതി സമർപ്പിക്കുക.

(c) പ്രവർത്തന പദ്ധതി നടപ്പാക്കുക, അതിൽ പറഞ്ഞ സമയത്തുതന്നെ ഓരോ ലക്ഷ്യവും കൈവരിക്കുന്നു എന്ന് ഉറപ്പാക്കുക.

(d) പ്രവർത്തന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വാർഷിക പുരോഗതിയുടെ റിപ്പോർട്ട് നൽകുക. മാനേജരുമായി മുൻകൂട്ടി സമ്മതിച്ചിട്ടുള്ള മാതൃകയിലാണ് വാർഷിക പുരോഗതി റിപ്പോർട്ടുകൾ നൽകേണ്ടത്. ഉചിതമായ വൈദഗ്ധ്യവും അനുഭവപരിചയവും ഉള്ള ഒരു ടീമാണ്, സൈറ്റിലെ വിലയിരുത്തലിനെ അടിസ്ഥാനമാക്കി, ഇത് തയ്യാറാക്കേണ്ടത്. കൂടുതലായി, പുരോഗതി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അവകാശവാദങ്ങൾ ശരിയാണോ എന്ന് പരിശോധിക്കാൻ മാനേജരോ മാനേജർ അധികാരപ്പെടുത്തിയിരിക്കുന്ന അസസറോ വരുമ്പോൾ പങ്കാളി അനുവാദം നൽകണം.

**ബാധകമായ നിയമങ്ങളെ അനുസരിക്കുക**

നിയമാനുസൃതമായി ഹാർവന്നജ് ചെയ്തതും സമയാസമയത്തിന് ഹാർവന്നജിംഗ് നിരക്ക് കെട്ടിയിട്ടുള്ളതുമായ മര ഉരുപ്പടികൾ മാത്രമേ പങ്കാളി വിതരണം ചെയ്യാവൂ.

**ഉൽപാദന അളവുകൾ റിപ്പോർട്ട് ചെയ്യുക**

മര ഉരുപ്പടി ഉൽപാദനത്തിന്റെ വാർഷിക സംഗ്രഹ റിപ്പോർട്ട് പങ്കാളി സമർപ്പിക്കേണ്ടതാണ്. മാനേജരുമായി മുൻകൂട്ടി സമ്മതിച്ചിട്ടുള്ള മാതൃകയിലാണ് റിപ്പോർട്ട് നൽകേണ്ടത്. ഓരോ എഫ്എംയുവിന്റെയും പങ്കാളിത്ത വ്യാപ്തിയിൽ പറഞ്ഞിട്ടുള്ള ഇനങ്ങളെ പറ്റിയുള്ള വിവരങ്ങൾ ഇതിൽ ഉണ്ടായിരിക്കും.

- **ഇനം** അല്ലെങ്കിൽ ഹാർവന്നജ് ചെയ്യുന്ന മര ഉരുപ്പടിയുടെ കച്ചവടപരമായ വിഭാഗങ്ങൾ
- ഓരോ ഇനത്തിന്റെയും അല്ലെങ്കിൽ കച്ചവടപരമായ വിഭാഗത്തിന്റെയും **അളവ്**
- വിറ്റതും കൈമാറ്റം ചെയ്തതുമായ എല്ലാ മര ഉരുപ്പടികളുടെയും **രൂപവും അളവും**

## *കച്ചവട പങ്കാളികൾക്കുള്ള പ്രത്യേക ആവശ്യകതകൾ*

*ഉത്തരവാദിത്തമുള്ള പർച്ചേസിംഗിലേക്കുള്ള* പടിപടിയായുള്ള സമീപനമാണ് ആവശ്യകതകളുടെ കൂട്ടത്തിൽ പ്രഥമഗണനീയം. *കച്ചവട പങ്കാളി* ഇനി പറയുന്നവ ചെയ്യണം:

**വനോൽപന്നങ്ങൾ ശേഖരിക്കുന്നത് ഉത്തരവാദത്തോടെയാണെന്ന പ്രതിജ്ഞാബദ്ധത**

വനോൽപന്നങ്ങൾ ശേഖരിക്കുന്നത് ഉത്തരവാദത്തോടെയാണെന്ന പ്രതിജ്ഞാബദ്ധത വെളിവാക്കുന്ന തരത്തിൽ ഒരു പൊതുവായ നയ പ്രസ്താവന എഴുതി, ജിഎഫ്ടിഎൻ–ഇന്ത്യയിലേക്ക് കച്ചവട പങ്കാളി സമർപ്പിക്കണം.

### അനാവശ്യ സ്രോതസുകളിൽ നിന്ന് മര ഉ□പ്പടികൾ ശേഖരിക്കുന്നത് ഇല്ലാതാക്കൽ

പങ്കാളി വാങ്ങുന്ന വനോൽപന്നങ്ങളുമായി ബന്ധപ്പെട്ടും പങ്കാളിത്ത വ്യാപ്തിക്ക് അനുസരിച്ചും, ഖണ്ഡിക 5.1–ന് താഴെ സമർപ്പിക്കപ്പെടുന്ന രേഖാമൂലമുള്ള നയ പ്രസ്താവനയിൽ ഇനി പറയുന്ന കാര്യങ്ങളോടുള്ള പ്രതിജ്ഞാബദ്ധത പങ്കാളി പരാമർശിക്കണം –

(a) അനാവശ്യ സ്രോതസുകളിൽ നിന്ന് ഉത്ഭവിക്കുന്ന മര ഉരുപ്പടികളുടെ ഉപയോഗം 5 വർഷത്തിനുള്ളിൽ ഇല്ലാതാക്കുമെന്ന്

(b) ഇനി പറയുന്ന ക്രമത്തിൽ (താഴെ നിന്ന് മുകളിലേക്കുള്ള ക്രമത്തിൽ നൽകിയിരിക്കുന്നു), ഉയർന്ന പാരിസ്ഥിതിക സ്ഥാനമുള്ള സ്രോതസുകളിൽ നിന്ന് ഉത്ഭവിക്കുന്ന മര ഉരുപ്പടിയുടെ അനുപാതം കാലക്രമത്തിൽ വർദ്ധിപ്പിക്കാമെന്ന്

- *അറിയപ്പെടുന്ന*
- *അറിയപ്പെടുന്ന, ലൈസൻസുള്ള*
- *സർട്ടിഫിക്കേഷനിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന*
- *വിശ്വസനീയമായ രീതിയിൽ സർട്ടിഫൈ ചെയ്തത് അല്ലെങ്കിൽ റീസൈക്കിൾ ചെയ്തത്*

മുകളിൽ പറഞ്ഞവയെ പറ്റിയുള്ള വിശദീകരണങ്ങൾ കാണാൻ വിഭാഗം 14 കാണുക

### ഉത്തരവാദിത്തമുള്ള പർച്ചേസിംഗ് പ്രവർത്തന പദ്ധതി സമയ ബന്ധിതമായി നടപ്പാക്കുക

പങ്കാളി ഇനി പറയുന്നവ ചെയ്യണം –

(a) പങ്കാളി വാങ്ങിയിട്ടുള്ള, പങ്കാളിത്ത വ്യാപ്തിയിലുള്ള, വനോൽപന്നങ്ങളിൽ ഉപയോഗിച്ചിട്ടുള്ള എല്ലാ മര ഉരുപ്പടികളും ഏതൊക്കെ പാരിസ്ഥിതിക സ്ഥാനങ്ങളിൽ പെടുന്നു എന്ന് നിർണയിക്കാനായി, ഉചിതമായ വൈദഗ്ധ്യവും അനുഭവപരിചയവും ഉള്ള ഒരു അസസ്മെന്റ് ടീമിനെ ഉപയോഗിച്ചുകൊണ്ട് ഒരു മൂന്നാം കക്ഷി ഓഡിറ്റർ ഒരു അടിസ്ഥാന വിലയിരുത്തൽ നടത്തണം. മാനേജർ ഒന്നാം അല്ലെങ്കിൽ രണ്ടാം കക്ഷി ഓഡിറ്റർക്ക് അനുമതി നൽകിയേക്കാവുന്ന സാഹചര്യത്തിൽ, അടിസ്ഥാന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അവകാശവാദങ്ങൾ ശരിയാണോ എന്ന് പരിശോധിക്കാൻ മാനേജരോ മാനേജർ അധികാരപ്പെടുത്തിയിരിക്കുന്ന അസസറോ വരുമ്പോൾ പങ്കാളി അനുവാദം നൽകണം

(b) വനോൽപന്നങ്ങളുടെ ഉത്തരവാദപ്പെട്ട പർച്ചേസിംഗിനായുള്ള പങ്കാളിയുടെ നയം നടപ്പാക്കുന്നതിനായുള്ള സമയ ബന്ധിത നടപടികൾ വിവരിക്കുന്ന ഒരു പ്രവർത്തന പദ്ധതി സമർപ്പിക്കുക. സുതാര്യത, ഓഡിറ്റ് ചെയ്യാനുള്ള എളുപ്പം എന്നിവയുടെ ഉയർന്ന നിലകൾ നേടിയെടുക്കാനായി എന്തൊക്കെ ഇനിയും ആവശ്യമുണ്ടെന്ന് കണ്ടെത്താൻ പ്രാരംഭ പ്രവർത്തന പദ്ധതി സഹായിക്കും.

(c) പ്രവർത്തന പദ്ധതി നടപ്പാക്കുക, അതിൽ പറഞ്ഞ സമയത്തുതന്നെ ഓരോ ലക്ഷ്യവും കൈവരിക്കുന്നു എന്ന് ഉറപ്പാക്കുക

(d) മാനേജരുമായി മുൻകൂട്ടി സമ്മതിച്ചിട്ടുള്ള മാതൃകയിൽ വാർഷിക പുരോഗതി റിപ്പോർട്ടുകൾ നൽകണം. പുരോഗതി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അവകാശവാദങ്ങൾ ശരിയാണോ എന്ന് പരിശോധിക്കാൻ മാനേജരോ മാനേജർ അധികാരപ്പെടുത്തിയിരിക്കുന്ന അസസറോ വരുമ്പോൾ പങ്കാളി അനുവാദം നൽകണം.

### ഉടമസ്ഥാവകാശ ശൃംഖലയുടെ സർട്ടിഫിക്കേഷനായുള്ള പ്രതിജ്ഞാബദ്ധത

വനോൽപന്നങ്ങൾ പ്രോസസ് ചെയ്യാനും രൂപമാറ്റം വരുത്താനും വിൽക്കാനും ഉപയോഗിക്കുന്ന, പങ്കാളിത്ത വ്യാപ്തിയിലുള്ള, എല്ലാ കേന്ദ്രങ്ങൾക്കും (ഫെസിലിറ്റികൾക്കും) പങ്കാളി ക്രെഡിബിൾ ചെയിൻ ഓഫ് കന്നജഡി സർട്ടിഫിക്കേഷൻ നേടിയെടുക്കണം. പങ്കാളി ആയി ഒരു വർഷത്തിനുള്ളിൽ, അത്തരത്തിലുള്ള ഒരു കേന്ദ്രത്തിനെങ്കിലും ചെയിൻ ഓഫ് കന്നജഡി സർട്ടിഫിക്കേഷൻ വാങ്ങേണ്ടതാണ്, പങ്കാളിത്ത വ്യാപ്തിയിൽ കേന്ദ്രം വന്നുകഴിഞ്ഞ് അഞ്ച് വർഷത്തിനുള്ളിൽ മറ്റ് എല്ലാ കേന്ദ്രങ്ങൾക്കും ചെയിൻ ഓഫ് കന്നജഡി സർട്ടിഫിക്കേഷൻ വാങ്ങിയിരിക്കണം.

നേടിയെടുക്കുന്ന ചെയിൻ ഓഫ് കസ്റ്റഡി സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും ഈ സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട് സർട്ടിഫിക്കേഷൻ ബോഡി നടത്തുന്ന നിരീക്ഷണ സന്ദർശനങ്ങളുടെ റിപ്പോർട്ടുകളും പങ്കാളി സമർപ്പിക്കേണ്ടതുണ്ട്.

തീയതിയിൽ പങ്കാളി കൈവശം വയ്ക്കുന്ന ചെയിൻ ഓഫ് കസ്റ്റഡി സർട്ടിഫിക്കറ്റുകളും അതിനുശേഷം നേടിയെടുക്കുന്നവയും നിലനിർത്തേണ്ടതുണ്ട്.

ചെയിൻ ഓഫ് കസ്റ്റഡി സർട്ടിഫിക്കേഷൻ ഇല്ലാത്ത ഓരോ കേന്ദ്രത്തിനും പങ്കാളി ഇനി പറയുന്നവ ചെയ്യണം –

(a) ഉടമസ്ഥാവകാശ വ്യവസ്ഥയുടെ ശൃംഖലയ്ക്ക് സർട്ടിഫിക്കേഷനുള്ള അർഹത ഉണ്ടോയെന്ന് നിർണയിക്കാനും ചെയിൻ ഓഫ് കസ്റ്റഡി സർട്ടിഫിക്കേഷന്റെ ആവശ്യകതകൾ പാലിക്കാത്ത മേഖലകൾ കണ്ടെത്താനും ഒരു അടിസ്ഥാന വിലയിരുത്തൽ നടത്തുകയും അതിന്റെ ഫലങ്ങൾ സമർപ്പിക്കുകയും വേണം. ഉചിതമായ വൈദഗ്ധ്യവും അനുഭവപരിചയവും ഉള്ള ഒരു അസസ്മെന്റ് ടീമിനെ (ഉദാഹരണത്തിന് അക്രെഡിറ്റേഷൻ ഉള്ള സർട്ടിഫിക്കേഷൻ ബോഡി) ഉപയോഗിച്ചുകൊണ്ട് ഒരു മൂന്നാം കക്ഷി ഓഡിറ്റർ ഒരു അടിസ്ഥാന വിലയിരുത്തൽ നടത്തണം.

(b) ചെയിൻ ഓഫ് കസ്റ്റഡി സർട്ടിഫിക്കേഷൻ നേടിയെടുക്കാനായി, സമയ ബന്ധിത ലക്ഷ്യങ്ങളും നടപടികളും വിവരിക്കുന്ന ഒരു പ്രവർത്തന പദ്ധതി സമർപ്പിക്കുക

(c) പ്രവർത്തന പദ്ധതി നടപ്പാക്കുക, അതിൽ പറഞ്ഞ സമയത്തുതന്നെ ഓരോ ലക്ഷ്യവും കൈവരിക്കുന്നു എന്ന് ഉറപ്പാക്കുക

(d) മാനേജരുമായി മുൻകൂട്ടി സമ്മതിച്ചിട്ടുള്ള പ്രവർത്തന പദ്ധതിയുടെ വാർഷിക പുരോഗതി കാണിക്കുന്ന റിപ്പോർട്ടുകൾ നൽകുക. പുരോഗതി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അവകാശവാദങ്ങൾ ശരിയാണോ എന്ന് പരിശോധിക്കാൻ മാനേജരോ മാനേജർ അധികാരപ്പെടുത്തിയിരിക്കുന്ന അസസറോ വരുമ്പോൾ പങ്കാളി അനുവാദം നൽകണം

**വാങ്ങുന്ന വനോൽപന്നങ്ങളുടെ ഡാറ്റ റിപ്പോർട്ട് ചെയ്യൽ:**

പങ്കാളിത്ത വ്യാപ്തിയിലുള്ള വനോൽപന്നങ്ങൾ വാങ്ങിയതിന്റെ വാർഷിക സംഗ്രഹ റിപ്പോർട്ട് പങ്കാളി സമർപ്പിക്കേണ്ടതാണ്. മാനേജരുമായി മുൻകൂട്ടി സമ്മതിച്ചിട്ടുള്ള മാതൃകയിലാണ് റിപ്പോർട്ട് നൽകേണ്ടത്. ഇനി പറയുന്ന ഇനങ്ങളെ പറ്റിയുള്ള വിവരങ്ങൾ ഇതിൽ ഉണ്ടായിരിക്കും:

- **ഇനം** അല്ലെങ്കിൽ ഉൽപന്നങ്ങളിലെ മര ഉരുപ്പടികളുടെ ഇനങ്ങളുടെ കച്ചവടപരമായ വിഭാഗങ്ങൾ
- ഉൽപന്നങ്ങളിലെ ഓരോ ഇനത്തിന്റെയും അല്ലെങ്കിൽ കച്ചവടപരമായ വിഭാഗത്തിന്റെയും **അളവ്**
- പ്രോസസ് ചെയ്യുന്നതിനോ മാനുഫാക്ചർ ചെയ്യുന്നതിനോ വിൽക്കുന്നതിനോ നിർമാണ ഉദ്ദേശ്യങ്ങൾക്കോ പങ്കാളി വാങ്ങുന്ന മര ഉരുപ്പടി അധിഷ്ഠിതമായ എല്ലാത്തരം പ്രാഥമിക വസ്തുക്കളുടെയും (തടി, അറുത്ത മര ഉരുപ്പടി, മെഷീനിൽ വച്ച് രൂപം മാറ്റിയ മര ഉരുപ്പടി, പൾപ്പ്, കടലാസ് എന്നിവ) **രൂപവും അളവും**
- ഉൽപന്നങ്ങളിലെ എല്ലാ മര ഉരുപ്പടികളുടെയും **പാരിസ്ഥിതിക സ്ഥാനം**

## പങ്കാളിയാകാനുള്ള അപേക്ഷ

മാനേജർക്ക് പൂരിപ്പിച്ച അപേക്ഷ സമർപ്പിക്കുക വഴി, ജിഎഫ്ടിഎൻ–ഇന്ത്യയിൽ ഒരു സ്ഥാപനത്തിന് പങ്കെടുക്കാൻ അപേക്ഷിക്കാം.

അപേക്ഷ സ്വീകരിക്കുന്നതിന് മുമ്പായി, മാനേജർ വേണ്ടത്ര ജാഗ്രത പാലിക്കണം, ഇനി പറയുന്ന കാരണങ്ങളാൽ സ്ഥാപനത്തിന്റെ അപേക്ഷ നിരസിക്കപ്പെടാം:

(a) ജിഎഫ്ടിഎൻ–ഇന്ത്യയിൽ ഒരു സ്ഥാപനം പങ്കാളിയാകുന്നതിലൂടെ, ഡബ്ല്യുഡബ്ല്യുഎഫ്, ജിഎഫ്ടിഎൻ എന്നിവയുമായി ബന്ധപ്പെട്ടുള്ള ദൗത്യം, സമഗ്രത, ബ്രാൻഡ്, പ്രശസ്തി എന്നിവയ്ക്ക് കളങ്കം ഉണ്ടാവുകയാണെങ്കിൽ

(b) പങ്കാളിത്ത നിയമങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ സ്ഥാപനത്തിന് കഴിയുന്നില്ലെങ്കിൽ

(c) ജിഎഫ്ടിഎൻ–ഇന്ത്യയുടെ നയപരമായ മുൻഗണനകളും സ്ഥാപനത്തിന്റെ ബിസിനസും ഒത്തുപോകുന്നില്ലെങ്കിൽ

**പങ്കാളിത്ത അപേക്ഷയുടെ നില**

ജിഎഫ്ടിഎൻ–ഇന്ത്യയിൽ പങ്കാളിയാകാനുള്ള അപേക്ഷ സ്വീകരിക്കപ്പെട്ടോ എന്നും സ്ഥാപനത്തെ പങ്കാളിയായി രജിസ്റ്റർ ചെയ്തോ എന്നും മാനേജർ അറിയിക്കും. സ്ഥാപനത്തെ പങ്കാളിയായി സ്വീകരിക്കാനോ രജിസ്റ്റർ ചെയ്യാനോ കഴിയില്ലെന്ന് മാനേജർ തീരുമാനിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങളും മാനേജർ നിരത്തണം.

**സർട്ടിഫൈ ചെയ്യാത്ത എഫ്എംയുകൾക്കായുള്ള അടിസ്ഥാന വിലയി□ത്തലുകളും പ്രവർത്തന പദ്ധതികളും**

പങ്കാളി, വന പങ്കാളി ആകുന്നതിനുള്ള പങ്കാളിത്ത ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നതിന് മുമ്പായി, നിർദേശിച്ചിട്ടുള്ള പ്രാരംഭ പങ്കാളിത്ത വ്യാപ്തിയുടെ പരിധിയിൽ ഉള്ളതും വിശ്വസനീയമായ രീതിയിൽ സർട്ടിഫൈ ചെയ്യാത്തതുമായ ഓരോ എഫ്എംയുവിനുമായി, വിഭാഗം 4.3–ന് കീഴിൽ നിർദേശിക്കപ്പെടുന്ന തരത്തിൽ, ഒരു അടിസ്ഥാന വിലയിരുത്തലിന് വിധേയമാവുകയും ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുകയും വേണം.

**ഉത്തരവാദിത്തമുള്ള പർച്ചേസിംഗിനായുള്ള അടിസ്ഥാന വിലയി□ത്തലുകളും പ്രവർത്തന പദ്ധതികളും**

പങ്കാളി, കച്ചവട പങ്കാളി ആകുന്നതിനുള്ള പങ്കാളിത്ത ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്നതിന് മുമ്പായി, വിഭാഗം 5.3–ന് കീഴിൽ നിർദേശിക്കപ്പെടുന്ന തരത്തിൽ, ഒരു അടിസ്ഥാന വിലയിരുത്തലിന് വിധേയമാവുകയും ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുകയും വേണം. സുതാര്യത, ഓഡിറ്റ് ചെയ്യാനുള്ള എളുപ്പം എന്നിവയുടെ ഉയർന്ന നിലകൾ നേടിയെടുക്കാനായി എന്തൊക്കെ ഇനിയും ആവശ്യമുണ്ടെന്ന് കണ്ടെത്താൻ പ്രാരംഭ പ്രവർത്തന പദ്ധതി സഹായിക്കും.

**പങ്കാളിത്ത ഉടമ്പടിയിലൂടെയുള്ള സമ്മതപത്രം**

ഇനി പറയുന്ന കാര്യങ്ങളിൽ മാനേജർക്ക് തൃപ്തി തോന്നുന്ന സാഹചര്യത്തിൽ –

(a) പങ്കാളിത്ത നിയമങ്ങളിൽ പറയുന്നതെല്ലാം അപേക്ഷകൻ പാലിക്കുന്നു

(b) ജിഎഫ്ടിഎൻ–ഇന്ത്യയിലുള്ള അപേക്ഷകന്റെ പങ്കാളിത്തം വഴിയായി, അപേക്ഷകന്റെ ഡബ്ല്യൂഡബ്ല്യൂഎഫുമായുള്ള ബന്ധം, ഡബ്ല്യൂഡബ്ല്യൂഎഫിന്റെ ദൗത്യത്തിനും അല്ലെങ്കിൽ ഡബ്ല്യൂഡബ്ല്യൂഎഫിന്റെ ബ്രാൻഡിനും പ്രശസ്തിക്കും സമഗ്രതയ്ക്കും കളങ്കം വരുത്തുന്നില്ല; പകരം ഡബ്ല്യൂഡബ്ല്യൂഎഫിന് സംഭാവന നൽകുന്നു.

ജിഎഫ്ടിഎൻ–ഇന്ത്യയിൽ ഒരു പങ്കാളിയായി അപേക്ഷകനെ മാനേജർ തെരഞ്ഞെടുക്കുകയും അപേക്ഷകനുമായി പങ്കാളിത്ത ഉടമ്പടി ഒപ്പുവയ്ക്കുക വഴി പങ്കാളിത്തം ഔദ്യോഗികമാക്കുകയും ചെയ്യാം.

അപേക്ഷകനെ പങ്കാളിയായി തെരഞ്ഞെടുക്കാത്ത പക്ഷം, അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും ജിഎഫ്ടിഎൻ–ഇന്ത്യയിലേക്കുള്ള പങ്കാളിത്തം വീണ്ടും പരിഗണിക്കുന്നതിനായി അപേക്ഷിക്കുന്നതിന് മുമ്പ് എന്തൊക്കെ ചെയ്യണമെന്നും മാനേജർ സ്ഥാപനത്തെ അറിയിക്കണം.

**പങ്കാളിത്ത കാലാവധി**

പങ്കാളിത്ത ഉടമ്പടിയിൽ ഉഭയസമ്മത പ്രകാരം സമ്മതിക്കുകയും വ്യക്തമാക്കുകയും ചെയ്ത കാലത്തേക്ക് മാത്രമായിരിക്കും പങ്കാളിത്ത ഉടമ്പടിയുടെ നിയമ സാധുത. പങ്കാളിത്ത നിയമങ്ങളോടുള്ള വിധേയത്വം, ഉചിതമായ പ്രവർത്തന പദ്ധതികൾ നടപ്പാക്കുന്നതിൽ കാണിക്കുന്ന മിടുക്ക് എന്നിവയെ അടിസ്ഥാനമാക്കി മാനേജർക്ക് പങ്കാളിത്ത ഉടമ്പടിയുടെ കാലാവധി നീട്ടിക്കൊടുക്കാനാകും. ഇങ്ങിനെ ഉണ്ടാവുകയാണെങ്കിൽ പങ്കാളിയെ അക്കാര്യം രേഖാമൂലം അറിയിക്കുന്നതായിരിക്കും.

## *പങ്കാളികളെ പുറത്താക്കൽ*

**പുറത്താക്കുന്നതിനുള്ള കാരണങ്ങൾ**

ഇനി പറയുന്ന ഏതെങ്കിലുമൊരു കാരണത്താൽ ജിഎഫ്ടിഎൻ–ഇന്ത്യയിൽ നിന്ന് ഒരു പങ്കാളിയെ മാനേജർക്ക് പുറത്താക്കാം.

(a) സർട്ടിഫൈ ചെയ്യാത്ത ഒരു വന പങ്കാളിയോ കച്ചവട പങ്കാളിയോ, തങ്ങൾ സമർപ്പിച്ചിട്ടുള്ള പ്രവർത്തന പദ്ധതി, സൂചിപ്പിക്കപ്പെട്ടിട്ടുള്ള സമയപരിധിക്കുള്ളിൽ നടപ്പിലാക്ക യിട്ടില്ലെങ്കിൽ അല്ലെങ്കിൽ ലക്ഷ്യം കൈവരിച്ചിട്ടില്ലെങ്കിൽ; പങ്കാളിയുടെ നിയന്ത്രണ പരിധിക്ക് പുറത്തുള്ള കാരണങ്ങളാലാണ് അങ്ങിനെ ഉണ്ടായതെന്ന് തെളിവ് നൽകുന്ന സാഹചര്യത്തിൽ ഇളവ് ലഭിക്കും.

(b) പങ്കാളിയുടെ ഫോറസ്റ്റ് അല്ലെങ്കിൽ ചെയിൻ ഓഫ് കസ്റ്റഡി സർട്ടിഫിക്കേഷൻ താൽക്കാലികമായി റദ്ദാക്കിയിട്ടുണ്ടെങ്കിൽ

(c) പങ്കാളി, ജിഎഫ്ടിഎൻ–ഇന്ത്യയുടെ പെരുമാറ്റച്ചട്ടം ലംഘിക്കുന്നുവെങ്കിൽ അല്ലെങ്കിൽ ജിഎഫ്ടിഎൻ–ഇന്ത്യയിലെ അംഗത്വത്തിന്റെ സ്വഭാവത്തെയും നിലയെയും പറ്റി തെറ്റിദ്ധാരണ ഉളവാക്കുന്ന പ്രസ്താവനകൾ നടത്തുമ്പോൾ; ഉചിതമായ പരിഹാര മാർഗങ്ങൾ പിന്തുടരുകയോ പ്രസ്താവന പിൻവലിക്കുകയോ ചെയ്യുന്ന പക്ഷം ഇളവ് ലഭിക്കും.

(d) കൃത്യമല്ലാത്ത വിവരമാണ് മാനേജർക്ക് പങ്കാളി നൽകുന്നതെങ്കിൽ

(e) നിശ്ചിത തീയതിയിൽ പങ്കാളിത്ത ഫീസ് അടക്കാൻ പങ്കാളിക്ക് കഴിയുന്നില്ലെങ്കിൽ

(f) പങ്കാളി മറ്റൊരുതരത്തിൽ പങ്കാളിത്ത നിയമങ്ങൾ ലംഘിക്കുന്നുവെങ്കിൽ

### പുറത്താക്കൽ അറിയിപ്പ്

മേൽപ്പറഞ്ഞ കാരണങ്ങൾ കണ്ടെത്തുകയാണെങ്കിൽ ജിഎഫ്ടിഎൻ–ഇന്ത്യയിൽ നിന്ന് പങ്കാളിയെ മാനേജർ പുറത്താക്കിയേക്കാം, ഇത് സംബന്ധിച്ച് മാനേജർ പങ്കാളിയെ രേഖാമൂലം അറിയിച്ചേക്കാം. എന്തുകൊണ്ടാണ് പങ്കാളിയെ പുറത്താക്കുന്നതെന്നും ഏതൊക്കെ സാഹചര്യങ്ങളിൽ ഈ പുറത്താക്കൽ റദ്ദാക്കപ്പെടാം എന്ന് അറിയിപ്പിൽ വിശദീകരിച്ചിരിക്കണം. ലഭിച്ച പുറത്താക്കൽ നോട്ടീസിനെതിരെ പങ്കാളിക്ക് അപ്പീൽ നൽകാവുന്നതാണ് (താഴെയുള്ള വിഭാഗം 9 കാണുക).

### പുറത്താക്കലിന്റെ പ്രഭാവം

ജിഎഫ്ടിഎൻ–ഇന്ത്യയിലെ പങ്കാളിത്തവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന സേവനങ്ങളോ ആനുകൂല്യങ്ങളോ ലഭിക്കാൻ പുറത്താക്കപ്പെട്ട പങ്കാളിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല, പുറത്താക്കപ്പെട്ട പങ്കാളിക്ക് പങ്കാളി ആണെന്ന് പറയാനും കഴിയില്ല. ജിഎഫ്ടിഎൻ–ഇന്ത്യ വെബ്സൈറ്റിലെ പങ്കാളി പട്ടികയിൽ നിന്ന് പുറത്താക്കപ്പെട്ട പങ്കാളികളുടെ പേരുകൾ നീക്കംചെയ്യും.

### പുറത്താക്കൽ അവലോകനം ചെയ്യൽ

പുറത്താക്കൽ റദ്ദാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന് കാണിച്ച് മാനേജർക്ക് ഒരു കത്ത് സമർപ്പിക്കുക വഴി, പുറത്താക്കിയ പങ്കാളിക്ക് നടപടി റദ്ദാക്കാനായി അപേക്ഷിക്കാം.

### പുറത്താക്കൽ റദ്ദാക്കൽ

പുറത്താക്കൽ റദ്ദാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എന്ന് മാനേജർക്ക് ബോധ്യമായാൽ, പങ്കാളിയെ രേഖാമൂലം അറിയിച്ചുകൊണ്ട് പുറത്താക്കിയ നടപടി മാനേജർ റദ്ദാക്കാം. മാനേജർ സൂചിപ്പിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലെങ്കിൽ പങ്കാളിത്തം പര്യവസാനിപ്പിക്കും.

### പങ്കാളി വഹിക്കേണ്ട ചെലവുകൾ

ഒരു പങ്കാളിയെ പുറത്താക്കാനും പുറത്താക്കൽ നടപടി റദ്ദാക്കാനും ഡബ്ല്യൂഡബ്ല്യൂഎഫ് ഇന്ത്യയോ ജിഎഫ്ടിഎൻ–ഇന്ത്യയോ അതിന്റെ കരാറുകാരോ ചെലവഴിക്കുന്ന ന്യായമായ ചെലവുകൾ പങ്കാളി വഹിക്കേണ്ടതുണ്ട്.

## *പങ്കാളിത്തം അവസാനിപ്പിക്കൽ*

### പങ്കാളിത്തം അവസാനിപ്പിക്കുന്നതിനുള്ള കാരണങ്ങൾ

ഇനി പറയുന്ന ഏതെങ്കിലുമൊരു കാരണത്താൽ ജിഎഫ്ടിഎൻ–ഇന്ത്യയിലെ പങ്കാളിത്തം മാനേജർക്ക് അവസാനിപ്പിക്കാം

(a) പുറത്താക്കൽ അറിയിപ്പിൽ പറഞ്ഞിട്ടുള്ള, പുറത്താക്കൽ റദ്ദാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാൻ പങ്കാളി പരാജയപ്പെടുന്നുവെങ്കിൽ അല്ലെങ്കിൽ പുറത്താക്കൽ കാലാവധിയിലും പങ്കാളി ഒരു പങ്കാളിയെന്ന പോലെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ.

(b) പങ്കാളി ബിസിനസ് നിർത്തുന്നുവെങ്കിൽ

(c) പങ്കാളിത്ത ഉടമ്പടിയുടെ കാലാവധി തീർന്നാൽ, പങ്കാളിത്ത നിയമങ്ങൾ പങ്കാളി പാലിക്കുന്നില്ലെന്ന് മാനേജർക്ക് ബോധ്യമായാൽ.

### അവസാനിപ്പിക്കൽ അറിയിപ്പ്

മേൽപ്പറഞ്ഞ കാരണങ്ങൾ കണ്ടെത്തുകയാണെങ്കിൽ ജിഎഫ്ടിഎൻ–ഇന്ത്യയിലെ പങ്കാളിത്തം മാനേജർക്ക് അവസാനിപ്പിക്കാം, ഇത് സംബന്ധിച്ച് മാനേജർ പങ്കാളിയെ രേഖാമൂലം അറിയിച്ചേക്കാം. എന്തുകൊണ്ടാണ് പങ്കാളിയെ പുറത്താക്കുന്നതെന്ന് അറിയിപ്പിൽ വിശദീകരിച്ചിരിക്കണം. ജിഎഫ്ടിഎൻ–ഇന്ത്യ വെബ്സൈറ്റിലെ പങ്കാളി പട്ടികയിൽ നിന്ന് പങ്കാളിത്തം അവസാനിപ്പിക്കപ്പെട്ട പങ്കാളികളുടെ പേരുകൾ നീക്കംചെയ്യും. പുറത്താക്കൽ നോട്ടീസിനെതിരെ പങ്കാളിക്ക് അപ്പീൽ നൽകാവുന്നതാണ് (താഴെയുള്ള വിഭാഗം 9 കാണുക). പുറത്താക്കൽ നോട്ടീസ് നൽകപ്പെട്ട തീയതിയിൽ നിന്ന് 12 മാസ കാലയളവിന് ശേഷം, ജെഎഫ്ടിഎൻ–ഇന്ത്യയിലെ പങ്കാളിത്തത്തിനായി പുറത്താക്കപ്പെട്ട പങ്കാളിക്ക് വീണ്ടും അപേക്ഷ നൽകാം.

### രാജിവ□ൽ

മാനേജരെ രേഖാമൂലം അറിയിച്ചുകൊണ്ട്, ഏത് സമയത്തും, പങ്കാളിക്ക് ജെഎഫ്ടിഎൻ–ഇന്ത്യയിൽ നിന്ന് രാജിവയ്ക്കാനാകും..

## *അപ്പീലുകളും ആർബിട്രേഷനും*

### അപ്പീലിന്റെ നടപടിക്രമം

പുറത്താക്കൽ അറിയിപ്പായാലും അവസാനിപ്പിക്കൽ അറിയിപ്പായാലും ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ, തങ്ങൾക്ക് അപ്പീൽ നൽകാൻ ഉദ്ദേശമുണ്ടെന്ന് മാനേജരെ രേഖാമൂലം അറിയിച്ചുകൊണ്ട്, പങ്കാളിക്ക് അപ്പീൽ നൽകാവുന്നതാണ്.

അപ്പീൽ നൽകാൻ ഉദ്ദേശമുണ്ടെന്ന് അറിയിച്ചതിന് ശേഷം പതിനാല് ദിവസത്തിനുള്ളിൽ, അപ്പീൽ നൽകാനുള്ള സാഹചര്യത്തെ പറ്റി രേഖാമൂലമുള്ള ഒരു പ്രസ്താവന സമർപ്പിക്കേണ്ടതുണ്ട്. അപ്പീൽ നടപടിക്രമ സമയത്ത് പരിഗണിക്കുന്നതിനായി അനുബന്ധ വസ്തുതയും വിവരങ്ങളും പ്രസ്താവനയ്ക്കൊപ്പം വയ്ക്കേണ്ടതുണ്ട്.

അപ്പീലുകാരന്റെ അപ്പീൽ രേഖകളും പുറത്താക്കാനോ പങ്കാളിത്തം അവസാനിപ്പിക്കാനോ ഉള്ള തീരുമാനത്തെ പിന്തുണയ്ക്കുന്ന പ്രസ്താവനയും രേഖകളും ജിഎഫ്ടിഎൻ–ഇന്ത്യാ മേധാവിക്ക് മാനേജർ അയച്ചുകൊടുക്കും.

### അപ്പീൽ തീ□മാനങ്ങൾ

അപ്പീലിൽ ഒരു തീരുമാനം എടുക്കുന്നതിന് മുമ്പായി, ജിഎഫ്ടിഎൻ–ഇന്ത്യാ മേധാവി മധ്യസ്ഥതയ്ക്ക് ശ്രമിക്കും അല്ലെങ്കിൽ അപ്പീലുകാരനോടോ മാനേജരോടോ കൂടുതൽ വിവരങ്ങൾ നൽകാൻ ആവശ്യപ്പെടും.

ജിഎഫ്ടിഎൻ–ഇന്ത്യാ മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും; ഇത് അപ്പീലുകാരനും മാനേജരും അനുസരിക്കേണ്ടതുണ്ട്. അപ്പീലിനെ സംബന്ധിച്ച തീരുമാനം എടുക്കപ്പെട്ട് കഴിഞ്ഞാൽ, തർക്കത്തിൽ ഉൾപ്പെട്ടിട്ടുള്ള ഒരു കക്ഷിക്കും അത് ഭേദഗതി ചെയ്യാനോ മാറ്റാനോ കഴിയില്ല.

### അപ്പീൽ വിജയിച്ചാലും നഷ്ടപരിഹാരം ലഭിക്കുന്നതല്ല

പുറത്താക്കൽ അല്ലെങ്കിൽ അവസാനിപ്പിക്കൽ നോട്ടീസിനെ തുടർന്ന് ഉണ്ടായ ചെലവുകൾക്കും നഷ്ടങ്ങൾക്കുമായി, അപ്പീൽ വിജയിക്കുന്ന സാഹചര്യത്തിലും, മാനേജരിൽ നിന്നോ മാനേജരുടെ തൊഴിൽദായകനിൽ നിന്നോ കരാറുകാരിൽ നിന്നോ നഷ്ടപരിഹാരമൊന്നും ലഭിക്കുന്നതല്ല.

## *വന പങ്കാളിക്കുള്ള ഇളവ്*

### ഇളവിനായുള്ള നടപടിക്രമം

പങ്കാളിത്ത നിയമങ്ങളുടെ വിഭാഗം 4–ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, നിയന്ത്രണാതീതമായ കാരണങ്ങളാൽ, സമയപരിധിക്കുള്ളിൽ നടപ്പിലാക്കാൻ പങ്കാളിക്കോ അപേക്ഷകനോ കഴിയുന്നില്ല

എങ്കിൽ, കാര്യങ്ങൾ നടപ്പാക്കാൻ കൂടുതൽ സമയം ചോദിച്ചുകൊണ്ട് പങ്കാളിക്കോ അപേക്ഷകനോ മാനേജർക്ക് എഴുതാം.

കാര്യം നടപ്പാക്കേണ്ടത് തീയതിക്ക് ചുരുങ്ങിയത് 60 ദിവസം മുമ്പായിതന്നെ, ഇളവ് നൽകണമെന്ന് പങ്കാളിക്കോ അപേക്ഷകനോ മാനേജരോട് അപേക്ഷിക്കാം. ഇളവപേക്ഷയ്ക്കൊപ്പം, കാര്യങ്ങൾ നടപ്പാക്കുന്നതിനെ തടഞ്ഞ ബാഹ്യ കാരണങ്ങളെയും സാഹചര്യങ്ങളെയും വിശദീകരിക്കുന്ന ഒരു പ്രസ്താവനയും അനുബന്ധ രേഖകളും വയ്ക്കണം.

മാറ്റുന്നതിനും നിരീക്ഷിക്കുന്നതിനും പങ്കാളി അല്ലെങ്കിൽ അപേക്ഷകൻ എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ട് എന്ന് സൂചിപ്പിക്കുന്നതും ആയിരിക്കണം ഇളവപേക്ഷ.

### ഇളവപേക്ഷയിലുള്ള തീ□മാനം

ഇളവപേക്ഷ നിരസിക്കാനോ ഇളവ് നൽകാനായി ജിഎഫ്ടിഎൻ–ഇന്ത്യാ മേധാവിക്ക് ശുപാർശ ചെയ്യാനോ ഉള്ള വിവേചനാധികാരം മാനേജർക്കുണ്ട്. മാനേർജർ ഇളവപേക്ഷ നിരസിക്കുകയാണെങ്കിൽ, എന്തൊക്കെ കാരണങ്ങളാലാണ് നിരസിക്കുന്നതെന്ന് പങ്കാളിയെ അല്ലെങ്കിൽ അപേക്ഷകനെ അറിയിക്കേണ്ടതുണ്ട്.

ഇളവ് നൽകാൻ ശുപാർശ ചെയ്ത് മാനേജർ നൽകുന്ന അപേക്ഷ ജിഎഫ്ടിഎൻ–ഇന്ത്യാ മേധാവി നിരസിക്കാം അല്ലെങ്കിൽ സ്വീകരിക്കാം. നിരസിച്ചാലും സ്വീകരിച്ചാലും അതിനുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ഒരു കത്ത് അപേക്ഷകന് അല്ലെങ്കിൽ പങ്കാളിക്ക് ലഭിക്കും. അറിയിപ്പിൽ പറഞ്ഞിരിക്കുന്ന സാഹനിബന്ധനകൾക്ക് വിധേയമായിട്ടാണോ പങ്കാളി അല്ലെങ്കിൽ അപേക്ഷകൻ പ്രവർത്തിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കി ഇളവ് അനുവദിച്ചേക്കാം. ഇളവ് അനുവദിച്ചുകഴിഞ്ഞാൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് പൊതുരേഖയായിരിക്കും.

## *പരാതികൾ*

### പരാതി നൽകുന്ന വിധം

ജിഎഫ്ടിഎൻ–ഇന്ത്യ ഓഫീസിന് എതിരെയാണ് പരാതിയെങ്കിൽ, ഡയറക്ടർ ഓഫ് ദ ഫോറസ്റ്റ് പ്രോഗ്രാം, ഡബ്ലിയൂഡബ്ലിയൂഎഫ് ഇന്റർനാഷണൽ എന്ന വിലാസത്തിലേക്കാണ് പരാതിക്കത്ത് അയയ്ക്കേണ്ടത്. പരാതി ലഭിച്ചാൽ, താഴെ കൊടുത്തിരിക്കുന്ന പരാതി നടപടിക്രമങ്ങളിൽ പറഞ്ഞിരിക്കുന്ന പ്രകാരം, നിയോഗിക്കപ്പെട്ട ഒരു സ്റ്റാഫ് അംഗം, ജിഎഫ്ടിഎൻ–ഇന്ത്യ സപ്പോർട്ട് യൂണിറ്റിന്റെ അല്ലെങ്കിൽ ജിഎഫ്ടിഎൻ–ഇന്ത്യ മേധാവിയുടെ കടമകൾ നിർവഹിക്കും.

### പരാതി നടപടിക്രമങ്ങൾ

മാനേജരോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ പരാതികൾക്കുള്ള ഫയലിൽ പരാതി ഫയൽ ചെയ്യുകയും പരാതിക്കത്തിൽ ആരോപിച്ചിരിക്കുന്ന കാര്യങ്ങളിൽ അന്വേഷണം ആരംഭിക്കുകയും ചെയ്യും.

പരാതിയിൽ നടപടികൾ ആരംഭിച്ചുവെന്ന് മാനേജരോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ പരാതിക്കാരനെ അറിയിക്കും. പരാതിയുടെ മുഴുവൻ സ്വഭാവവും തീവ്രതയും മനസിലാക്കാനും കൂടുതൽ വിവരങ്ങൾ നേടിയെടുക്കാനുമായി, ആവശ്യമെങ്കിൽ, അന്വേഷണോദ്യോഗസ്ഥൻ പരാതിക്കാരനുമായി ബന്ധപ്പെടും.

അന്വേഷണത്തിന്റെ കണ്ടെത്തലിനെ പറ്റിയും കണ്ടെത്തലിന്റെ ഫലമായി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ എന്നും മാനേജരോ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ പരാതിക്കാരനെ അറിയിക്കും.

## *പൊതുവിവരവും രഹസ്യ സ്വഭാവവും*

### പൊതുവിവര രേഖ

പങ്കാളിത്ത ഉടമ്പടി ഒപ്പുവയ്ക്കുന്നതിന് മുന്നോടിയായി, ചേരാനാഗ്രഹിക്കുന്ന പങ്കാളിയും മാനേജരും ഒത്തൊരുമിച്ച്, ജിഎഫ്ടിഎൻ–ഇന്ത്യയിലെ പങ്കാളിയെ പറ്റിയും പങ്കാളിത്തത്തെ പറ്റിയും ഉള്ള പൊതുവിവര രേഖയിലെ ഉള്ളടക്കം തീരുമാനിച്ച് അംഗീകരിക്കും, ഇതിനായി മാനേജർ അപേക്ഷിക്കുന്ന വിവരങ്ങൾ പങ്കാളി നൽകേണ്ടതുണ്ട്. ഇങ്ങിനെ അംഗീകരിക്കുന്ന ഉള്ളടക്കം

പൊതുവിവരമായാണ് കണക്കാക്കുക. ഇത് മാനേജരുടെ വിവേചനാധികാര പ്രകാരം പ്രസിദ്ധീകരിക്കപ്പെടാം, നെറ്റിൽ പോസ്റ്റ് ചെയ്യപ്പെടാം അല്ലെങ്കിൽ മൂന്നാം കക്ഷികൾക്ക് നൽകാം.

**പൊതുവിവര രേഖയുടെ വാർഷിക കാലികമാക്കൽ**

പ്രവർത്തന പദ്ധതികൾ നടപ്പാക്കുന്നതിലെ പുരോഗതി, നിയമങ്ങൾക്ക് വിധേയമായുള്ള കടമകൾ എന്നിവയെ പറ്റിയുള്ള സംഗ്രഹ വിവരം ഉൾപ്പെടുത്തുന്നതിനായി പൊതുവിവര രേഖ ഓരോ വർഷവും നവീകരിക്കണം.

**സാഹചര്യങ്ങളിലെ മാറ്റം**

രേഖയിൽ വിവരിച്ചിരിക്കുന്ന വസ്തുതകളിലും സാഹചര്യങ്ങളിലും എന്തെങ്കിലും മാറ്റമുള്ളതായി കാണുന്നുവെങ്കിൽ, പൊതുവിവര രേഖയിൽ മാറ്റം ഉൾപ്പെടുത്തപ്പെട്ട് 60 ദിവസങ്ങൾക്കുള്ളിൽ, മാനേജരെ പങ്കാളി അക്കാര്യം അറിയിക്കേണ്ടതാണ്. മാനേജർ പൊതുവിവര രേഖയിൽ ഭേദഗതി ചെയ്യാം.

**രഹസ്യസ്വഭാവമുള്ള വിവരം**

ബിസിനസിന്റെ രഹസ്യസ്വഭാവം പരിരക്ഷിക്കുന്നതിനായി, ഒരു രഹസ്യസ്വഭാവ ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ ഡബ്ലിയൂഡബ്ലിയൂഎഫ്-ഇന്ത്യയോടും ജിഎഫ്ടിഎൻ-ഇന്ത്യയോടും പങ്കാളിക്ക് ആവശ്യപ്പെടാം. എന്നാൽ ഈ ഉടമ്പടി, പങ്കാളിത്ത നിയമങ്ങളും പങ്കാളിത്ത ഉടമ്പടിയും ആയി ഒത്തുപോകണം.

പൊതുവിവര രേഖയിലെ ഉള്ളടക്കം രഹസ്യസ്വഭാവം ഉള്ളതായി കണക്കാക്കപ്പെടില്ല.

ഈ പൊതു വിജ്ഞാപനത്തിന്റെ ഉള്ളടക്കം രഹസ്യവിവരമായി കണക്കാക്കുന്നതല്ല

## 13. ജിഎസ്ടിഎൻ കമ്മ്യൂണിക്കേഷന്റെ വ്യവഹാര ക്രമം

### 13.1 മുഖവുര

ജിഎഫ്ടിഎൻ പങ്കാളിത്ത അനുബന്ധമായ ആശയവിനിമയവും അവകാശവും സംബന്ധിച്ചതാണ് ഈ വ്യവഹാര ക്രമം

ജിഎംഫ്ടിഎൻ പങ്കാളിത്തം ഒരുവിധത്തിലുള്ള ആശയക്കുഴപ്പവും കമ്പോളത്തിൽ സൃഷ്ടിക്കാനിടയാക്കരുത്., പ്രത്യേകിച്ചും, വിശ്വസനീയമായ വിവരണക്കുറിപ്പുകളും മേൽവിലാസവുമുള്ള ഉപഭോക്താക്കൾക്ക്. അക്കാരണത്താൽ, ഉൽപന്ന സംബന്ധമായ അവകാശവാദമൊന്നും ഉന്നയിക്കാൻ പാടില്ലെന്നു മാത്രമല്ല, ഉൽപന്നത്തിൽ ഡബ്ള്യുഡബ്ള്യു എഫ് അല്ലെങ്കിൽ ഏതെങ്കിലും ജിഎഫ്ടിഎൻ ലോഗോ ഉപയോഗിക്കാനും പാടില്ല. ജിഎഫ്ടിഎൻ പങ്കാളിത്തം ഒരിക്കലും വന ഉൽപന്നങ്ങളുടെ നിലവാരം സംബന്ധിച്ച വിശ്വസനീയമായ സാക്ഷ്യപത്രത്തിനു പകരമാകുന്നില്ല, നേരേമറിച്ച്, ലക്ഷ്യപ്രാപ്തിയിലേക്കുള്ള ഒരു വാഹനം മാത്രമാണത്.

ജിഎഫ്ടിഎൻ ദീർഘകാലമായി വിശ്വാസ്യത നേടിയതായിരിക്കണമെന്നതും നിർബന്ധമാണ്. അപേക്ഷകരുടെ അല്ലെങ്കിൽ പങ്കാളികളുടെ അവകാശവാദങ്ങൾ പരമാവധി ചുരുക്കുക, വസ്തുനിഷ്ഠവും, എളുപ്പം വിധിനിർണയിക്കാവുന്നതുമായവ മാത്രമായി പരിമിതപ്പെടുത്തുക. ഇതു ജിഎഫ്ടിഎൻ മാനേജ്മെന്റിന്റെയും പങ്കാളികളുടെയും ബാഹ്യ മായ ആശയവിനിമയത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കണം..

ഈ വ്യവഹാര ക്രമം ഐഎസ്ഒ 14020, ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഗ്രീൻ ക്ലെയിംസ് കോഡ് എന്നിവയിലധിഷ്ഠിതമാണ്.. അതായത്, ജിഎഫ്ടിഎൻ പങ്കാളിത്തവുമായി ബന്ധപ്പെട്ട അനുവദനീയമായ ആശയവിനിമയം *തെററിദ്ധാരണയുളവാക്കാത്തവിധം, കൃത്യവും പരിശോധനാക്ഷമവുമായിരിക്കണം.*

ബ്രിട്ടീഷ് ഗ്രീൻ ക്ലയിംസ് കോഡ് താഴെ പറയുന്ന വെബ്സൈററിൽ ലഭ്യമാണ്.

**http://www.defra.gov.uk/environment/consumerprod/gcc/**

### 13.2 പാൻഡാ ട്രേഡ്മാർക്ക് ഉൾപ്പെടെ ഡബ്ല്യൂ ഡബ്ല്യു എഫ് ലൈസൻസുള്ള സാധനങ്ങളുടെ ഉപയോഗം.

ജി എഫ് ടി എൻ പങ്കാളികൾ ഡബ്ല്യൂ ഡബ്ല്യു എഫ് ട്രേഡ് മാർക്ക് ഉള്ളതോ കോപ്പി റൈററ് ഉള്ളതോ ആയ സാധനങ്ങൾ വ്യാപാരനാമത്തോടെയോ അല്ലാതെയോ സ്വന്തം വ്യാപാരവസ്തുവെന്നു സൂചിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാൻ പാടില്ല.

ഡബ്ല്യൂ ഡബ്ല്യു എഫിന്റെ അനുവാദം കൂടാതെ ജി എഫ് ടി എൻ പങ്കാളികൾക്ക് ഡബ്ല്യൂ ഡബ്ല്യു എഫ് പാൻഡാ ലോഗോയോ ഡബ്ല്യൂ ഡബ്ല്യു എഫ് കോപ്പിറൈററുള്ളതോ ട്രേഡ് മാർക്കുള്ളതോ ആയ വസ്തുതകളോ ഉപയോഗിക്കുവാൻ പാടില്ല.

ഡബ്ല്യൂ ഡബ്ല്യു എഫുമായി അന്തർദേശീയ അല്ലെങ്കിൽ ദേശീയ തലങ്ങളിലെ ഓഫീസുമായി പ്രത്യേക ലൈസൻസിങ് അല്ലെങ്കിൽ പാർട്ട്ണർഷിപ്പ് എഗ്രിമെന്റു വച്ചിട്ടുള്ള കമ്പനികൾക്കു മാത്രമേ ഡബ്ല്യൂ ഡബ്ല്യു എഫ് ട്രേഡ് മാർക്ക് ഉപയോഗിക്കാനുള്ള അനുവാദം നൽകൂ.

ദേശീയതലത്തിൽ ഡബ്ല്യൂ ഡബ്ല്യു എഫ് ഓഫീസുമായി ലൈസൻസിങ് കരാറിലേർപ്പെടാൻ ആഗ്രഹിക്കുന്ന കമ്പനി ദേശീയ തലത്തിലെ ഡബ്ല്യൂ ഡബ്ല്യു എഫ് ഓഫിസ് മാർക്കററിങ് വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.

വിവിധ രാജ്യങ്ങളിൽ ഡബ്ല്യൂ ഡബ്ല്യു എഫ് ട്രേഡ് മാർക്ക് ഉപയോഗിക്കുന്നതുൾപ്പെടെ രാജ്യാന്തര ഡബ്ല്യൂ ഡബ്ല്യു എഫ് ഓഫിസുമായി ലൈസൻസിങ് അല്ലെങ്കിൽ പാർട്ടണർഷിപ്പ് കരാറിലേർപ്പെടാൻ താൽപര്യമുള്ള കമ്പനികൾ

സ്വിററ്സർലൻഡിലെ ഗ്ലാൻഡ് ആസ്ഥാനമായ ഡബ്ല്യൂ ഡബ്ല്യു എഫ് ഇന്റർനാഷനൽ മാർക്കററിങ് വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ്.

ജി.എഫ്.ടി.എൻ ഇന്ത്യ പാർട്ടിസിപ്പേഷൻ എഗ്രിമെന്റ് അല്ലെങ്കിൽ സർട്ടിഫിക്കററ് നൽകുന്നതാണ്. അപേക്ഷിച്ചാൽ കൂടുതൽ പകർപ്പുകൾ ലഭിക്കുന്നതാണ്.

**13. 3 .അപേക്ഷകരുടെയും പങ്കെടുക്കുന്നലരുടെയും ക്ലെയിമുകൾ.**

ഒരു അപേക്ഷകൻ തന്റെ അപേക്ഷക പദവി പരിഗണിച്ച്, ഓൺപ്രോഡക്ട്, ഓഫ് പ്രോഡക്ട് പബ്ലിക് അല്ലെങ്കിൽ ബിസിനസ് ടു ബിസിനസ് ക്ളെയിമുകൾ ഉന്നയിക്കാൻ പാടുള്ളതല്ല

സബ്സെക്ഷൻ 13.4 പ്രകാരം മാത്രമേ ഒരുപങ്കാളിക്ക് ഓൺ പ്രോഡക്ട് ക്ലെയിമുകൾ ഉന്നയിക്കാനാവൂ.

ഒരു പങ്കാളിക്ക് തന്റെ പങ്കാളിത്ത പദവി, വ്യാപാരബന്ധങ്ങൾ, ഉൽപന്നങ്ങൾ എന്നിവ സംബന്ധിച്ച ഓഫ് പ്രോഡക്ട് ക്ലെയിമുകൾ 13.5, 13.6, 13.7 ഉപവകുപ്പുകൾ പ്രകാരം ഉന്നയിക്കാവുന്നതാണ്

**13.4 ഓൺ–പ്രോഡക്റ്റ് ക്ലയിമുകൾ**

പങ്കാളി തന്റെ പങ്കാളിത്ത പദവി സംബന്ധിച്ച് ഓൺ പ്രോഡക്ട് ക്ലെയിം ഉന്നയിക്കാൻ പാടില്ല.

തടി ഉൽപന്നങ്ങളെ സംബന്ധിച്ചാണെങ്കിൽ (വ്യക്തമായ ലൈസൻസുള്ള ഉറവിടങ്ങളിൽ നിന്ന്) പങ്കാളിക്ക് പരിസ്ഥിതി പദവി സംബന്ധിച്ച ഓൺ പ്രോടക്ട് ക്ലെയിം ഉന്നയിക്കാവുന്നതാണ്. ഇതിന്റെ തേർഡ് പാർട്ടി ഓഡിററർ (യോഗ്യതയുള്ള അംഗീകൃത സ്ഥാപനം) പരിസ്ഥിതി പദവിയെ കൈവശ രേഖകളുടെ ആർജവത്തെയും നിർണായക ഘട്ടങ്ങളിലെ നിയന്ത്രണങ്ങളെയും, മററ് ഉറവിടങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങൾ ഇടകലർത്തുന്നതും സംബന്ധിച്ചും ഉറപ്പുനൽകണം. ഇത്തരം ക്ലെയിമുകൾക്ക് അപേക്ഷകന്റെ അല്ലെങ്കിൽ പങ്കാളിയുടെ ഡബ്ല്യൂ ഡബ്ല്യുഎഫ് അല്ലെങ്കിൽ ജി.എഫ്.ടി.എൻ പദവി ബാധകമല്ല.

**13.5 ഓഫ് പ്രോഡക്ട് പബ്ലിക് ക്ലയിമുകൾ – പങ്കാളിത്തം**

പങ്കാളിത്ത പദവി ഈ സന്ദർഭത്തിൽ ഓഫ് പ്രോഡക്ട് പബ്ലിക്, ബിസിനസ് ടു ബിസിനസ് പ്രസ്താവന, വ്യാപാര വർധനയ്ക്കുള്ള ഉൽപന്നങ്ങൾ എന്നിവയ്ക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു്.ബാധകമായ ക്രയങ്ങൾ നടത്താനും ജി.എഫ്.ടി.എൻ പങ്കാളിത്ത വ്യവസ്ഥയിൽ വരുന്ന വന പരിചരണത്തിനു താൻ ബാധ്യസ്ഥനാണെന്നും ജി.എഫ്.ടി.എൻ പങ്കാളിയാ

ണെന്നും പങ്കാളിക്ക് അവകാശപ്പെടാവുന്നതാണ്. എല്ലാ ക്ലെയിമുകളും ഉപഭോഗത്തിനു മുൻപായിത്തന്നെ മാനേജരിൽ നിന്ന് രേഖാമൂലം അംഗീകരിച്ചു വാങ്ങണം.
ഇത്തരം ആശയവിനിമയം ചുവടെ വിവരിക്കുന്നവയിൽ മാത്രം അനുവദനീയമാണ്:

- കോർപ്പറേററിന്റെ വാർഷിക പരിസ്ഥിതി റിപ്പോർട്ട്
- വെബ്സൈററുകളിലെ കോർപറേററ് പരിസ്ഥിതിയുടെ വിഭാഗം അല്ലെങ്കിൽ കമ്പനിയുടെ വ്യാപാര വർധക ങ്ങളായ
- കമ്പനി ഫോൾഡറുകൾ, കാററ ലോഗുകൾ (എന്നാൽ, ഉൽപന്നത്തിനു തൊട്ടടുത്തായല്ല.)
- അഡ്ഹോക് ബിസിനസ് ടു ബിസിനസ് കത്തുകളും പ്രമേയങ്ങളും.
- ഉപഭോക്താക്കളിലും സർക്കാർ ഇതര സ്ഥാപനങ്ങളിലും നിന്നു ലഭിക്കുന്ന ചോദ്യാവലി
- വ്യാപാര മേളകളിൽ പ്രദർശിപ്പിക്കുന്ന ബാനറുകൾ അല്ലെങ്കിൽ പോന്നജറുകൾ.
- മാനേജർ അംഗീകരിച്ച മററ് ഉപയോഗങ്ങൾ

ഈ കത്തിടപാടുകളിലേയും ജി.എഫ്.ടി.എൻ വെബ്സൈററിന്റെ സൂചന ഉണ്ടായിരിക്കണം.

***ഉദാഹരണം***

“(കമ്പനിയുടെ പേര്) ജി.എഫ്.ടി.എൻ– ഇന്ത്യ മുഖാന്തരം, അവരുടെ ഇന്ത്യയിലെ ആഗോള ക്രയ, വന വൽക്കരണ പ്രവർത്തനങ്ങളോടനുബന്ധിച്ച് ഡബ്ല്യൂ ഡബ്ല്യു എഫ് ആഗോള ജി.എഫ്.ടി.എൻ പങ്കാളിയാണ്. ഈ ജി.എഫ്.ടി.എൻ നിയമവിരുദ്ധമായ മരംവെട്ടു തടയാനും പരിപാലനം മെച്ചപ്പെടുത്താനുനുള്ള ഡബ്ല്യു ഡബ്ല്യു എഫിന്റെ മുഖ്യയത്നമാണ്. ഉത്തരവാദിത്തത്തോടെയുള്ള വനസംരക്ഷണവും, വിശ്വാസ്യമായ സാക്ഷ്യപത്ര സമർപ്പണവും പ്രോത്സാഹിപ്പിക്കാൻ പങ്കാളികൾ പ്രതിജ്ഞാബദ്ധരാണ്. കൂടുതൽ വിവര ങ്ങൾക്ക് ജി.എഫ്.ടി.എൻ വെബ്സൈററ് www.gftn.panda.org നോക്കുക”.

**.13.6 ഓഫ് പ്രോഡക്ട്സ് പബ്ലിക് ക്ലെയിംസ്– വ്യാപാരബന്ധം**

ഒരു പങ്കാളി മറെറാരു  പങ്കാളിയിൽ നിന്ന് വന ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ ആഗോളതലത്തിൽ ഇതു സംബന്ധിച്ച് പബ്ലിക് ഓഫ് പ്രോഡക്ട്സ് ക്ലെയിമുകളിൽ ഉൽപ്പന്ന പരിധി വ്യക്തമാക്കുന്നതിനൊപ്പം ഉപഭോഗത്തിനു മുൻപായി മാനേജരിൽ നിന്ന് രേഖാമൂലം അനുമതിപത്രവും വാങ്ങണം.

താഴെപ്പറയുന്നവയിൽ ഇത്തരം രേഖാമൂലമായ കത്തിടപാടുകൾ അനുവദനീയമാണ്.

- കോർപ്പറേററുകളുടെ വാർഷിക പരിസ്ഥിതി റിപ്പോർട്ടുകൾ
- കമ്പനി പ്രചാരണ ഉൽപന്നങ്ങളിലോ വെബ്സൈററുകളിലോ ഉള്ള കോർപറേററുക ളുടെ പരിസ്ഥിതി നയം.

കമ്പനി ഫോൾഡറുകൾ, കാററലോഗുകൾ(ഉൽപന്നത്തിനു തൊട്ടടുത്തായി വരുന്നവയല്ല.)
ലക്ഷ്യാധിഷ്ഠിത ബിസിനസ് ടു ബിസിനസ് കത്തുകളും പ്രമേയങ്ങളും..
ന്നേജാറിലെ അല്ലെങ്കിൽ വ്യാപാരമേളയിലെ ബാനറുകളും പോന്നജറുകളും
ഉപഭോഗക്താക്കളിൽ നിന്നും സർക്കാർ ഇതര സംഘടനകളിൽ നിന്നുമുള്ള ചോദ്യാവലികൾ
മാനേജർ അംഗീകരിച്ച മററ് ഉപയോഗങ്ങൾ

ഉദാഹരണം

“ഞങ്ങൾ പ്രഥമപരിഗണനയിൽ (വന ഉൽപന്നം) വിശ്വസനീയമായി സാക്ഷ്യപ്പെടുത്തിയതോ ജി.എഫ്.ടി.എൻ  മുഖാന്തരം പുരോഗതി സാക്ഷ്യപ്പെടുത്തിയതോ ആയ ഉറവിടങ്ങളിൽനിന്ന് ക്രയം നടത്തുന്നു.  കൂടുതൽ വിവരങ്ങൾക്ക് വെബ് സൈററ് സന്ദർശിക്കുക.വെബ്സൈററ്. www.gftn.panda.org”

**13.7 ഓഫ് പ്രോഡക്ട് ബി ടു ബി ക്ലെയിംസ്: ഉത്പന്നങ്ങൾ**

ഒരു പങ്കാളി താൻ ആഗോളതലത്തിൽ ക്രയവിക്രയം നടത്തുന്ന ഉൽപന്നങ്ങളുടെ ഉറവിടങ്ങളുടെ, വിശ്വസ നീയമായി സാക്ഷ്യപ്പെടുത്തിയിട്ടുള്ള പരിസ്ഥിതി പദവി ഓഫ് പ്രോഡക്ട് ആയി രേഖപ്പെടുത്തണം. കർശ നമായും ജി.എഫ്.ടി.എൻ അംഗീകൃത നിർവചനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം പരിസ്ഥിതി പദവി സംബന്ധിച്ച പദം രേഖപ്പെടുത്തേണ്ടത്.

പരിസ്ഥിതി പദവി സംബന്ധമായ ഭാഗം അംഗീകൃത തേർഡ് പാർട്ടി ഓഡിററർ അല്ലെങ്കിൽ അംഗീകൃത പരി ശോധനാ സ്ഥാപനങ്ങൾ സാക്ഷ്യപ്പെടുത്തിയിരിക്കണം.

ഇത്തരം ലിഖിത സാക്ഷ്യപത്രങ്ങൾ അഡ്ഹോക് ബിസിനസ് ടു ബിസിനസ് കത്തുകളിലും പത്രികകളിലും സർക്കാരിതര സംഘടനകളിൽ നിന്നും, ഉപഭോക്താക്കളിൽ നിന്നുമുള്ള ചോദ്യാവലികളിലും മാത്രമേ പാടു ള്ളൂ. വിൽപന വേളയിൽ അനുവദനീയമല്ല. ഇത്തരം കത്തിടപാടുകളിൽ ജി.എഫ്.ടി.എൻ വെബ്സൈറ റിന്റെ സൂചനകാണിച്ചിരിക്കണം.

ഉദാ: 1.

‘‘ജി.എഫ്.ടി.എൻ നിർവചനപ്രകാരം ജ്ഞാതമായ അംഗീകൃത ഉറവിടങ്ങളിൽ നിന്നാണ് തങ്ങളുടെ സ്ഥാപനത്തിലെ തടിയുൽപന്നങ്ങളുടെ 95 ശതമാനവും വിതരണം ചെയ്തിട്ടുള്ളതെന്നു കാണിക്കണം .കൂടുതൽ വിവരങ്ങൾക്ക് ജി.എഫ്.ടി.എൻ വെബ്സൈററ് സന്ദർശിക്കുക.www.gftn.panda.org”

ഈ ക്ലെയിം രഹസ്യ സ്വഭാവമുള്ളതും മൂന്നാം കക്ഷികളിലേക്ക് വിനിമയം ചെയ്യാൻ പാടില്ലാത്തതുമാണ്.

ഉദാ–2

‘‘ഞങ്ങൾ (ഉൽപന്നങ്ങളുടെ നിര) വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് സ്വന്തമായി പരിശോധിച്ചു ബോധ്യപ്പെട്ട ജി.എഫ്.ടി.എൻ അംഗീകൃത ഉറവിടങ്ങളിൽ നിന്നാണ് ജി.എഫ്.ടി.എൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് വെബ്സൈററ് കാണുക. www.gftn.panda.org ഈ ക്ലെയിം രഹസ്യ സ്വഭാവമുള്ളതും മൂന്നാമതൊരു കക്ഷിയിലേക്ക് വിനിമയം ചെയ്യപ്പെടാൻ പാടില്ലാത്തതുമാണ്.’’

14. നിർവചനങ്ങൾ

ആവശ്യമായ സന്ദർഭങ്ങളിൽ താഴെപ്പറയുന്ന നിർവചനങ്ങൾക്ക് പ്രാദേശികമായി രൂപാന്തരം നടത്താൻ ജി. എഫ്.ടി.എൻ മാർഗ നിർദ്ദേശം നൽകും.

**ആപ്ലിക്കന്റ്** എന്നാൽ സെക്ഷൻ 6.2 പ്രകാരം രജിന്നജർ ചെയ്ത ജി.എഫ്.ടി.എൻ അംഗീകരിച്ച, എന്നാൽ ജി. എഫ്.ടി.എൻ സെക്ഷൻ 6.5 പ്രകാരം പാർട്ടിസിപ്പേഷൻ എഗ്രിമെന്റ് ഒപ്പുവച്ച് അംഗീകൃത പങ്കാളിയായി സ്വീകരിക്കപ്പെട്ടിട്ടില്ലാത്ത സംഘടനയാണ്.

**ബിസിനസ്സ് ടു ബിസിനസ് (ബി ടു ബി)** മററു ബിസിനസ് സ്ഥാപനങ്ങളുമായുണ്ടായ ക്ലെയിം (ഉദാഹരണം. ഇൻവോയിസ് ന്നേജററ്മെന്റ്). എന്നാൽ മററുഗ്രൂപ്പുകളുമായോ വ്യക്തികളുമായോ അല്ല.

.

**ബ്രാൻഡ് റെപ്യൂട്ടേഷൻ** എന്നാൽ പരിസ്ഥിതിപരവും കോർപറേററ് സാമൂഹിക ഉത്തരവാദിത്തവുമായ വിഷ യങ്ങളിൽ കമ്പനിയുടെ മൂല്യങ്ങൾ ഉയർത്തുക എന്നതാണ്.

**ക്ലയിം** എന്നാൽ, ഒരു സ്ഥാപനം തങ്ങളുടെ ഉൽപന്നങ്ങളും നയങ്ങളും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തു മെന്നു കാണിക്കുന്ന പ്രസ്താവനയാണ്.

**കൺസ്യൂമർ** എന്നാൽ, പരിസ്ഥിതി സംബന്ധിച്ച് പ്രത്യേകിച്ച് പാണ്ഡിത്യമൊന്നുമില്ലാത്ത ക്രേതാവ്. ഉദാ. ചില്ലറ വിൽപന ശാലയിൽ നിന്ന് സാധനം വാങ്ങുന്ന കന്നജമർ. (പ്രഫഷനൽ ക്രേതാവ് അല്ല.)
വിശ്വാസ്യമായി സർട്ടിഫൈഡ് ചെയ്തത് എന്നാൽ,

മാനദണ്ഡം ഉറവിട വനം വിശ്വാസ്യമായ വനസർട്ടിഫിക്കേഷൻ സംവിധാനത്താൽ പരിപാലിച്ചു വരുന്ന താണ്.
നമ്പരുകളുടെ

പരിശോധനയ്ക്ക് ആവശ്യമുള്ളവ

വിളവെടുപ്പു സമയത്ത് (മരം വെട്ടുന്ന സമയത്ത്) ഉറവിട വനപ്രദേശത്തിനു വിശ്വാസ്യമായൊരു വനപരിപാലന സ്ഥാപനത്തിന്റെ വനപരിപാലന സർട്ടിഫിക്കററ് ലഭ്യമായിട്ടുള്ളതായി ഉറപ്പാക്കണം. അധികാരപ്പെടുത്തിയ സർട്ടിഫിക്കേഷൻ സംവിധാനം പുറപ്പെടുവിച്ച കന്നജഡി സർട്ടിഫിക്കേഷൻ നമ്പരുകളുടെ ശൃംഖല പതിച്ചിട്ടുള്ളതാണെന്ന് ഉറപ്പാക്കണം

''തേർഡ് പാർട്ടി ഓഡിട്ടർ അല്ലെങ്കിൽ അംഗീകൃത സർട്ടിഫിക്കേഷൻ സ്ഥാപനം വഴി ചില പ്രത്യേക ഉൽപന്നങ്ങൾ ഉൽപാദന പ്രക്രിയയിലൂടെയോ ഹാൻഡ്ലിങ് സൗകര്യത്തിലൂടെയോ തിരികെ ലഭ്യമാക്കാവുന്ന ഉറവിട വസ്തു പ്രത്യേക ഉൽപന്നമായി സർട്ടിഫിക്കേഷൻ നടത്തുകയാണ് ക്രെഡിബിൾ ചെയിൻ ഓഫ് കന്നജഡി സർട്ടിഫിക്കേഷൻ.''

ക്രെഡിബിൾ ഫോറസ്റ്റ് സർട്ടിഫിക്കേഷൻ എന്നാൽ, ഡബ്ള്യു ഡബ്ള്യു എഫ് പരിഗണിക്കുന്ന നിബന്ധനകളും മാനദണ്ഡങ്ങളും പ്രകാരം തേഡ് പാർട്ടി ഓഡിററർ പരിപാലിക്കുന്ന വനത്തിന്റെ സർട്ടിഫിക്കേഷൻ ആണ്. (ഫ്രെയിം വർക്ക് ഫോർ അസസിങ് ക്രഡിററബിൾ ഫോറസ്റ്റ് സർട്ടിഫിക്കേഷൻ സിന്നജംസ് സ്കീംസ് ഡബ്ല്യൂ ഡബ്ല്യൂ എഫ്. വേൾഡ് ബാങ്ക്–ജൂലൈ 2006.)

- സർട്ടിഫിക്കേഷൻ, അക്രഡിറേഷൻ, നിലവാരനിർണയം എന്നിവയിൽ രാജ്യാന്തര രൂപരേഖയുമായി ഇണങ്ങുന്നത്.
- സാമ്പത്തികം, പരിസ്ഥിതി പരം, വനപരിപാലനത്തിന്റെ തുല്യപരിമാണം, അനുബന്ധ ആവശ്യങ്ങളുടെ പൂർത്തീകരണം എന്നിവയുടെസന്തുലിനീകരണം സാധ്യമാക്കുന്ന ആഗോള തത്വങ്ങളുമായി ഇണങ്ങുന്നത്.
- ഭരണരംഗത്തെയും നിലവാര രൂപീകരണ മണ്ഡലത്തിലെയും എല്ലാ മധ്യസ്ഥ വിഭാഗങ്ങളുടെയും അർഥ പൂർണവും സന്തുലിതവുമായ പങ്കാളിത്തം.
- വ്യാപാരത്തിന് തടസ്സമാകുന്ന അനാവശ്യ തടസ്സങ്ങളുടെ ഉന്മൂലനം.
- പ്രാദേശിക സാഹചര്യങ്ങൾക്കിണങ്ങും വിധം വസ്തുനിഷ്ഠവും പരിമാണ സാധ്യവുമായ പ്രകടന നിലവാരം.
- സ്ഥാപിത താൽപര്യക്കാരുടെ ഇഷ്ടാനിഷ്ടങ്ങൾ മൂലമുണ്ടാകാവുന്ന സംഘർഷം ഒഴിവാക്കിയുള്ള സർട്ടിഫിക്കേഷൻ തീരുമാനം.
- തീരുമാന നിർണയത്തിലും പബ്ലിക് റിപ്പോർട്ടിങ്ങിലുമുള്ള സുതാര്യത.
- വനപാലനസംബന്ധമായ പ്രകടനവും ചെയിൻ ഓഫ് കന്നജഡിയും സംബന്ധിച്ച സ്വതന്ത്രവും വിശ്വസനീയവുമായ വിശകലനം.
- വനപരിപാലനത്തിൽ തുടർച്ചയായ പുരോഗതി കൈവരിക്കുക.
- എല്ലാ വിഭാഗക്കാർക്കും പ്രവേശനാർഹവും മൂല്യാധിഷ്ഠിതവും
- സ്വമേധയായുള്ള പങ്കാളിത്തം.

✓ അജ്ഞാതമായവയും ആവശ്യമില്ലാത്തതും

✓ അറിയപ്പെടുന്നവ

✓ അറിയപ്പെടുന്നവയും ലൈസൻസുള്ളവയും.

✓ സർട്ടിഫിക്കേഷൻ പുരോഗതിയിലായവ.

വിശ്വസനീയമായ സർട്ടിഫൈ ചെയ്തവ

- ✓ റീസൈക്കിൾ ചെയ്തവ.

ഫന്നജ് പാർട്ടി ഓഡിററർ– അസസ്മെന്റ് നടത്തുന്ന സംഘടന തന്നെയാണ് മറെറാരുവിധത്തിൽ പറഞ്ഞാൽ, സെൽഫ് അസസ്മെന്റ് അല്ലെങ്കിൽ സ്വയം വിലയിരുത്തൽ.

എഫ്. എം.യു എന്നാൽ ഫോറസ്റ്റ് മാനേജ്മെന്റ് യൂണിററ്.

ഫോറസ്റ്റ് പാർട്ടിസിപ്പന്റ് എന്നാൽ വനത്തിന്റെ ഉടമസ്ഥനോ മാനേജരോ ആയ ഒരു ജി.എഫി.ടി.എൻ പങ്കാളി.

ഫോറസ്റ്റ് പ്രോഡക്ട് എന്നാൽ, മരം കൊണ്ടുണ്ടാക്കിയതോ മരം ഉൾപ്പെട്ടതോ ആയ ഉൽപന്നം

ജനററിക്കലി മോഡിഫൈഡ് എന്നാൽ, പുനഃസംഘടിക്കുന്ന ഡി ഓക്സീറൈബോ ന്യൂക്ലിയിക് ആസിഡും, സെല്ലുകളിലേക്കോ ഓർഗനെല്ലുകളിലേക്കോ കുത്തിവച്ചിട്ടോ, ടാക്സോണമി ഫാമിലിക്കു പുറമെയുള്ളവയിലോ അവയുടെ പിൻഗാമികളിലോ സെല്ലുകൾ കൂടിച്ചേർന്നിട്ടും രൂപംകൊള്ളുന്ന ജീവജാലങ്ങളാണ്. ഈ നിർവചനം മററു വിഭാഗങ്ങൾക്കൊന്നും ബാധകമല്ല. മ്യൂട്ടേജിനസിസ്, ജനററിക്മാർക്കേഴ്സ് തുടങ്ങി ത്വരിതമാർഗങ്ങളിലൂടെ പ്രജനനം നടക്കുന്ന ജീവജാലങ്ങളുണ്ട്. വിട്രോ ന്യൂക്ലിയിക് ആസിഡ് സെൽഫ്യൂഷൻ എന്നിവയിലൂടെയല്ലാത്ത പ്രജനനത്തെ സംബന്ധിച്ച ജീൻ സ്വീക്വൻസിന്റെ വിവരങ്ങൾ ലഭ്യമല്ല. (അവലംബം. ആൻ എക്സ്പ്ലനേററി ഗൈഡ് ടു കാർട്ടജീനാ പ്രൊട്ടോക്കോൾ ഓൺ ബയോസേഫ്ററി, ഐയുസിഎൻഎൻ വയൺമെന്റൽ പോളിസി, ലോപ്രഷർനമ്പർ 46(2003)ഐയുസിഎൻഎൻ വയോൺമെന്റൽ ലോസെന്റർ പ്രസിദ്ധീകരിച്ചത്.

ഹാർവന്നജിങ് ചാർജുകൾ എന്നാൽ വിഭവ ഉടമയ്ക്കു നൽകേണ്ട പ്രതിഫലമാണ്. ഔദ്യോഗികമായി ഇത് പ്രാദേശിക ദേശീയ ഗവൺമെന്റുകൾ.

വനത്തിലെ വിളവെടുപ്പുമായി ബന്ധപ്പെട്ട് വിഭവ ഉടമയ്ക്കോ ഔദ്യോഗിക സ്ഥാപനങ്ങളായ പ്രാദേശിക അല്ലെങ്കിൽ ദേശീയ ഗവൺമെന്റുകൾക്കോ നൽകേണ്ട കൺസഷൻ ഏരിയാ ടാക്സ്, റോയൽററി എന്നിവയാണിത്.

- ✓ ഹൈ കൺസർവേഷൻ വാല്യുവിന് ഫോറസ്റ്റ് ന്നജ്യൂവാർഡ്ഷിപ് കൗൺസിലിന്റെ നിർവചന പ്രകാരം ചുവടെ ചേർക്കുന്ന മൂല്യങ്ങളാണ്.
- ✓ വനമേഖല ആഗോള, മേഖലാ, രാജ്യാന്തര തലത്തിൽ ജൈവവൈവിധ്യ മൂല്യങ്ങളുടെ ആവാസ കേന്ദ്രമായ വനപ്രദേശങ്ങൾ (എൻഡേമിസം, എൻഡേഞ്ചേഡ് സ്പീഷീസ്, റെഫ്യൂജിയ)
- ✓ ആനുപാതിക എണ്ണങ്ങളിൽ പ്രകൃതിക്കനുരൂപമായി വിന്യസിക്കുന്ന വൈവിധ്യമാർന്ന ജൈവവൈവിധ്യത്തോടെ ആഗോള, മേഖലാ, ദേശീയ പ്രാധാന്യമുള്ള പ്രകൃതി ഭംഗിയാർന്ന വനമേഖല.
- ✓ അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ ആവാസ വ്യവസ്ഥയോടെയുള്ള വനമേഖല
- ✓ നിർണായക ഘട്ടങ്ങളിൽ പ്രകൃതി അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന വനമേഖല(നീർമറി സുരക്ഷ, മണ്ണൊലിപ്പ് നിയന്ത്രണം)
- ✓ പ്രാദേശിക സമൂഹങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുന്ന വനമേഖല (നിലനിൽപ്പ്, ആരോഗ്യം)
- ✓ പരമ്പരാഗത സംസ്കാരം മുഖമുദ്രയാക്കിയ സമൂഹങ്ങളുള്ള വനപ്രദേശം (സാംസ്കാരികം, പരിസ്ഥിതി സൗഹൃദം, സാമ്പത്തികം, മതം എന്നിവയുമായി ബന്ധപ്പെട്ട് പ്രാധാന്യനമേറിയ പ്രദേശങ്ങൾ പ്രാദേശിക സമൂഹവുമായി സൗഹാർദത്തോടെ കഴിയുന്നു.

<u>അറിയപ്പെടുന്ന സ്രോതസ് എന്നതിനർത്ഥം</u>

**<u>മാനദണ്ഡം</u>**

- ✓ എവിടെയാണ് മരങ്ങൾ വളർന്നിരുന്നതെന്ന് ക്രേതാക്കൾക്ക് അറിയാമായിരുന്നു.അവർക്ക് ഹാർവെന്നജിങ് എന്റിററികളെ തിരിച്ചറിയാമായിരുന്നു.
- ✓ ക്രേതാവ് ബോധവാനായ സ്ഥിതിക്ക് ഉറവിടം(ഉറവിടങ്ങൾ).
- ✓ <u>പരിശോധനയ്ക്ക് ആവശ്യമായവ–</u>
- ✓ വനങ്ങളുടെ ഉറവിടങ്ങൾ ഒരളവുവരെ കൃത്യമായി നിർണയിക്കാവുന്നതാണ്. ഉറവിടം എന്ന റിസ്കിലാണിത്. ഉദാഹരണത്തിന്, ലൊക്കേഷൻ ഒരു ജില്ലയുടെ അത്ര വലുതാണെങ്കിൽ റിസ്ക് ചെറുത്. റിസ്ക് വലുതായാൽ ഫോറസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് അനന്തമായി വലുതായിരിക്കും.
- ✓ മരം (സോഴ്സ് ഓഫ് എന്റിററി) ഉപഭോക്താവിൽനിന്ന് ഉറവിടത്തിലേക്കുള്ള ഇഴമുറിയാത്ത ചെയിൻ ഓഫ് കന്നജഡിയിലെവിടെയെങ്കിലുമായിരിക്കും.
- ✓ ഡോക്കുമെന്റേഷനിൽ സോഴ്സ് ലൊക്കേഷനുകളെയും സോഴ്സ് എന്റിററികളെയും ഓരോ ഇടനിലക്കാരെയും കണ്ടെത്തുന്നു.
- ✓ ഈ ഡോക്കുമെന്റേഷന്റെ ആധികാരികത പരിശോധിക്കാനുള്ള സംവിധാനം തൽസ്ഥാനത്തു തന്നെയുണ്ടാകും.

അറിയപ്പെടുന്ന ലൈസൻസ്ഡ് സോഴ്സ് എന്നാൽ–

**<u>മാനദണ്ഡം</u>**

ക്രേതാവിന് മരം വളരുന്നതെവിടെയാണെന്നതിനൊപ്പം, ഹാർവെസ്ററിങ് എന്റിററി അല്ലെങ്കിൽ എന്റിററികളെ കണ്ടെത്താനാകും.

ഒരു എന്റററിയിൽ നിന്നോ, ഒന്നിലധികം എന്റിററികളിൽനിന്നോ ആണ് ഒരു മരം രൂപം കൊള്ളുന്നത്. മരം വളരുന്ന ഭാഗത്തെ ഫോറസ്റ്റ് മാനേജ്മെന്റ് യൂണിററിൽ നിന്നും ഇവയുടെ വിളവെടുക്കാനുള്ള നിയമപരമായ അവകാശവുമുണ്ട്.

<u>പരിശോധനയ്ക്ക് ആവശ്യമായവ–</u>

ക്രേതാവിൽനിന്ന് ഉൽപന്നത്തിന്റെ ഉറവിടത്തിലേക്കുള്ള ചെയിൻ ഓഫ് കന്നജഡിയിലെവിടെയെങ്കിലുമായിരിക്കും മരത്തിന്റെ സ്ഥാനം.

തടി ഉൽപന്നങ്ങളുടെ ഡെലിവറി ക്രേതാവിന്റെ ആസ്ഥാനത്തേക്കു നീക്കം ചെയ്യുന്നതിന് കൃത്യമായ ഡോക്കുമെന്റേഷന്റെ ആവശ്യകതയുണ്ട്. ഈ ഡോക്കുമെന്റേഷനുറവിടമായ വനപരിപാലന യൂണിററിനേയും ഉൽപന്നങ്ങളുടെ ഉറവിടത്തെയും ഈ സപ്ലൈ ശൃംഖലയിലെ ഇടനിലക്കാരനെയും വെളിപ്പെടുത്തുന്നു.

ഡോക്കുമെന്റേഷനിൽ ക്രേതാവിനെ ഉറവിട ഉൽപന്നത്തിന്റെ വിളവെടുക്കാനുള്ള അവകാശം വിവരിച്ചിരിക്കുന്നു.

ക്രേതാവിനും അയാളുടെ വിരണക്കാർക്കും, ഡോക്കുമെന്റേഷന്റെയും ചെയിൻ ഓഫ് കൺട്രോൾ പോയിന്റിന്റെയും ആധികാരികത കാലാകാലങ്ങളിൽ ഉറപ്പുവരുത്താനുള്ള സംവിധാനം തൽസ്ഥാനത്ത് ഉണ്ടായിരിക്കണം.

വിതരണക്കാരന്റെ വിളവെടുപ്പിനുള്ള അവകാശം സംബന്ധിച്ചുള്ള തർക്കമുണ്ടായാൽ അതു സംബന്ധിച്ചുള്ള തർക്കത്തിന്റെ തൽസ്ഥിതി ക്രേതാവ് മനസിലാക്കിയിരിക്കണം. വിളവെടുക്കാനുള്ള എന്റിററിയുടെ അധികാരം അവകാശപ്പെടുന്നുവെന്നുകരുതി അതുറപ്പാക്കിയതായി കരുതാൻ പാടില്ല. അതേ സമയം തന്നെ നിയമലംഘനത്തിന് നടപടി നേരിടേണ്ടിവരും. അക്യുസിഷൻ സംബന്ധിച്ച നിയമങ്ങളും വ്യവസ്ഥകളും അയംലംഘിച്ചിട്ടുണ്ടാകാം. അതായത്, പെർമിററ് ലൈസൻസ് തുടങ്ങി വിളവെടുപ്പുമായി ബന്ധപ്പെട്ട രേഖകളിലെ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടാകാം.

നിയമപരമായി വിളവെടുക്കുകയെന്നാൽ

- ✓ വനം വളരുന്ന വനപാലക യൂണിററിൽ നിന്ന് വിളവെടുക്കാനുള്ള നിയമപരമായ അവകാശമാണ്.
- ✓ ഇത് വനസംരക്ഷണവും വിളവെടുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾക്കനുസരണമായിരിക്കും.

നിയമപരമായി വിൽക്കപ്പെട്ടത് എന്നാൽ മരം അല്ലെങ്കിൽ മരം ഉരുപ്പടികൾ കററുമതി ചെയ്യുക യെന്നാൽ, കററുമതി നടക്കുന്ന രാജ്യത്തെ തടി, തടി ഉരുപ്പടികൾ കയററുമതി നിയമപ്രകാരം ചുങ്കവും ലവികളും ഡ്യൂട്ടികളും ഉൾപ്പെടെ ഒടുക്കിയിട്ടായിരിക്കണം.

- ✓ ഇറക്കുമതിയാണെങ്കിൽ ഇറക്കുമതി ചുങ്കം, നികുതി, ഡ്യൂട്ടി ഉൾപ്പെടെ നൽകണം. ഇറക്കുമതി ചെയ്യുന്ന രാജ്യത്തെ തടി അല്ലെങ്കിൽ തടിഉൽപന്നങ്ങൾ ഇറക്കുമതിചെയ്യുന്നത് ബന്ധപ്പെട്ട നിയമ ങ്ങൾക്കനുസൃതമായിരിക്കണം. അല്ലെങ്കിൽ കററുമതി ചെയ്യുന്ന രാജ്യത്തെ വ്യവസ്ഥകളനുസ രിച്ച് നികുതികളും ഡ്യൂട്ടിയും ലെവിയും ഉൾപ്പെടെ നൽകണം.
- ✓ പരമ്പരാഗതമോ രാജ്യാന്തര വ്യാപാര നിയമത്തിലെ വംശനാശം വന്ന ഇനങ്ങളുമായി ബന്ധപ്പെട്ട നിയമപ്രകാരമോ (സിഐടിഎസ്) ആയിരിക്കണം വ്യാപാരം.

വിളവെടുപ്പിനുള്ള (മരം വെട്ടാനുള്ള) നിയമപരമായ അവകാശമെന്നാൽ വനസംരക്ഷണയൂണിററിലെ അല്ലെങ്കിൽ അതിന്റെ പ്രാദേശിക ശാഖയുടെ അനുമതിയോടെയുള്ള മരംവെട്ട് (വിളവെടുപ്പ്) അനുവാദം വേണ്ടത്

വിഭവങ്ങളുടെ ഉടമയിൽ നിന്ന്

- ✓ ഇത് നിയമസാധുതയുള്ള പെർമിററ്, അഥവാ വനസംരക്ഷണവും വിളവെടുപ്പുമായി ബന്ധപ്പെട്ട നിയമാനുസൃതമായ രേഖകൾ നൽകിയിട്ടാവണം.

ലോക്കൽ ജി എഫ് ടി എൻ ഓഫിസ് എന്നാൽ ജി. എഫ്. ടി. എൻ ഇന്ത്യയുടെ ദേശീയ അല്ലെങ്കിൽ പ്രാദേ ശിക ഓഫിസ്.

മാനേജർ എന്നാൽ ബന്ധപ്പെട്ട പ്രാദേശിക ജി.എഫ്.ടി.എൻ (ഇന്ത്യ) ഓഫിസിന്റെ മാനേജർ

ഓഫ് പ്രോഡക്ട് ക്ലെയിം എന്നാൽ വിക്രേതാവിന്റെ വ്യാപാരനാമത്തിന്റെ പ്രചാരണത്തിനായി നടത്തുന്ന വിൽപനയിൽ നൽകുന്ന ക്ലെയിം. ഇതിൽ ക്ലെയിമിനുള്ള ഒന്നാം കക്ഷി ഉപഭോക്താവാണ്. ഈ ക്ലെയിംപ്ര ത്യേക ഉൽപന്നവുമായി ബന്ധപ്പെട്ടതല്ല. ക്ലെയിം വ്യാപാരം നടക്കുന്ന സ്ഥലത്തോ സമയത്തോ നൽകാവു ന്നതല്ല.

ഓൺപ്രോഡക്ട് ക്ലെയിം വിൽപന നടക്കുന്ന സ്ഥലത്തു തന്നെ വിക്രേതാവ് നൽകുന്നതാണ്. ഇതിൽ ഒന്നാം കക്ഷി ഉപഭോക്താവ് തന്നെയാണ്. ഉൽപന്നത്തിന്റെ പരിസ്ഥിതി സവിശേഷത ഉയർത്തുക എന്ന താണ് ഈക്ലെയിമിന്റെ ലക്ഷ്യം. ഇതു വ്യാപാരവും ബ്രാൻഡിന്റെ പ്രശസ്തിയും ഉയർത്താൻ വേണ്ടിയു ള്ളതാണ്.

പോയിന്റ് ഓഫ് സെയിൽ എന്നാൽ ഭൗതികമായി വ്യാപാരം നടക്കുന്ന സ്ഥലം. ഉദാഹരണത്തിന്, ഉൽപന്നത്തിന്റെ വിവരണം രേഖപ്പെടുത്തിയിട്ടുള്ള ഭാഗത്തോടു ചേർന്ന് സജ്ജീകരിച്ചിരിക്കുന്ന മേശ വെബ്സൈററ് അല്ലെങ്കിൽ കാററലോഗ്, ഇൻവോയിസിൽ വിവരിച്ചിരിക്കുന്ന സ്ഥലം.

**സർട്ടിഫിക്കേഷനിലേക്ക് പുരോഗമിക്കുന്നു** എന്നതിനർത്ഥം –

<u>പ്രമാണം</u>

- ✓ സ്രോതസ്സ് അല്ലങ്കിൽ സ്രോതസ്സുകൾ എല്ലാം അറിയപ്പെടുന്ന ലൈസൻസുള്ള സ്രോതസ്സുകൾ ആയിരിക്കണം.
- ✓ സ്രോതസായ എഫ് എം യു വിൽ നിന്നും വിശ്വാസ്യതാ സർട്ടിഫിക്കേഷൻ നേടിക്കൊള്ളാമെന്ന് സ്രോതസ് സ്ഥാപനം(ങൾ) എല്ലാം പൊതുജന സമക്ഷം ഏറ്റിട്ടുണ്ട്.
- ✓ ക്കറ്റ് നകുവാൻ കഴിയുമോ എന്നും സർട്ടിഫികേഷന് ആവശ്യമായ എല്ലാ ഉപാധികളും അവർ പാലിക്കുന്നുണ്ടോ എന്നും പ്രിശോധിക്കുന്നതിനായി യോഗ്യതയുള്ള പരിചയസമ്പന്നരായ ഒരു അസസ്സ്മന്റ് സംഘം സൈറ്റ് പരൊശോധന നടത്തുന്നതായിരിക്കും

ഓരോ സ്രോതസ് സ്ഥാപനവും –

- ✓ സ്രോതസ് എഫ് എം യു വിന്റെ സർട്ടിഫികേഷൻ നേടിയെടുക്കുവാൻ സമയബന്ധിതമായ, പടിപടിയായുള്ള ഒരു ആക്ഷൻ പ്ലാൻ നടപ്പിലാക്കാമെന്ന് സമ്മതിക്കുന്നു
- ✓ അവരുടെ ആക്ഷൻ പ്ലാനിന്റെ നടത്തിപ്പിനെപറ്റിയും പുരോഗതിയെ പറ്റിയും സമയാസമയത് റിപ്പോർട്ട് നൽകേണ്ടതും, ആ റിപ്പൊർട്ടു പ്രകാരമുള്ള പുരോഗതിയുണ്ടായിട്ടുണ്ടോ എന്ന് പരിസ്ശോധിക്കുവൻ മൂന്നാം കക്ഷിക്ക് അവസരം നൽകും വിധം സുതാര്യമാക്കേണ്ടതും ആണ്.

- ✓ വിശ്വാസ്യമായ ഫോറസ്റ്റ് സർട്ടിഫികേഷൻ സപ്പോർട്ടിൽ പങ്കെടുക്കുകയും പടിപടിയായുള്ള പുരോഗതി ശ്രദ്ധിക്കുകയും ചെയ്യുന്നു(ഉദാഹരണമായി എന്റിറ്റി – ഒരു എഫ് ടി എൻ ലെ ഒരു വനപങ്കാളി അല്ലങ്കിൽ ട്രൊപ്പിക്കൽ ഫോറസ്റ്റ് ട്രെന്നജിന്റെ ഒരു പ്രോജക്റ്റ്) .

<u>പരിശോധനയ്ക്ക് ആവശ്യമായവ</u>

- ✓ തന്നിട്ടുള്ള സ്രോതസ്സിനെ സംബന്ധിച്ചിടത്തോളം ഈ മാനദണ്ഡങ്ങൾ ത്രിപ്തികമാണെന്നുള്ള സ്ഥിരീകരണ അറിയിപ്പ്
- ✓ വാങ്ങുന്നയാളിൽ നിന്നും സ്രോതസ്സിലേക്ക് ഉള്ള ശ്രംഖല മുറിയാതെ ഈ മരങ്ങളുടേയോ നാരുകളുടേയോ കൈവശാവകാശം പിൻ തുടരാൻ കഴിയുക
- ✓ കൈവശാവകാശ ശ്രംഖലയുടെ ഡൊകുമന്റഷന്റെ വിശ്വാസ്യത ഒരു രണ്ടാം കക്ഷി/മൂന്നാംകക്ഷി അഡിറ്റർ സ്ഥിരീകരിക്കുക.

**സംരക്ഷിത മേഖല** എന്നതിനർത്ഥം ജൈവവൈവിധ്യവും പ്രകൃതിയും അവയുമായി ബന്ധപ്പെട്ട സംസ്കാരിക വിഭവങ്ങളും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ആയി പ്രത്യേകം സമർപ്പിക്കപ്പെട്ടതും, കൂടാതെ നിയമപരമായി അല്ലങ്കിൽ ഫലപ്രദമായ മറ്റു മാർഗങ്ങളിലൂടെ നിയന്ത്രിക്കപ്പെടുന്നതും ആയ ഒരു വന മേഖലയാണ്.

**വിഭവങ്ങളുടെ ഉടമസ്ഥൻ(ർ)** എന്നാൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം നിയമപ്രകാരമുള്ള അധികാരങ്ങളടക്കം, ഒരു ഫോറസ്റ്റ് മാനേജ്മെന്റ് യൂണിറ്റിനുള്ളിലെ ഭൂമിയിലും വൃക്ഷങ്ങളിലും കൈവശാവകാശങ്ങളുള്ള കൈവശക്കാരൻ (ർ) എന്നാണ് അർത്ഥം.

**രണ്ടാം കക്ഷി അഡിറ്റർ** എന്നാൽ അസസ്സ് ചെയ്യപ്പെടേണ്ട സ്ഥാപനത്തിൽ താൽപര്യമുള്ള, അസസ്സ്മെന്റ് നടത്തുന്ന ഒരു സ്ഥാപനമോ വ്യകതിയോ ആണ് (ഉദാഹരണമായി, സ്ഥപനത്തിന്റെ ഒരു ഉപഭോക്താവ്). ഒരു അപേക്ഷകന്റേയോ അല്ലെങ്കിൽ പങ്കാളിത്ത സ്ഥപനത്തിന്റെയോ ഒരു അസസ്സ്മന്റ് മാനേജർ നടത്തുന്നത് ഒരു രണ്ടാം കക്ഷി അസസ്സ്മെന്റ് ആണ്.

**സ്രോതസ്** എന്നത് വിതരണം ചെയ്യുന്ന സ്ഥാപനവും മര ഉരുപ്പിടികൾ ഉണ്ടാകുന്ന പ്രദേശവും ചേർന്നതാണ്. സ്രോതസ്സിൽ മരങ്ങൾ വളരുന്ന പ്രദേശവും മരങ്ങൾ ശേഖരിക്കുവാൻ ഉത്തരവാദിത്വപ്പെട്ട സ്ഥാപനവും ഉൾപ്പെടുന്നു.

**മൂന്നാം കക്ഷി ആഡിറ്റർ** എന്നാൽ അപേക്ഷകനിൽ നിന്നും സ്വതന്ത്രമായ അല്ലെങ്കിൽ അസസ് ചെയ്യപ്പെടുന്ന പങ്കാളിത്ത സ്ഥാപനത്തിൽ നിന്നും ജി. എഫ്. ടി. എൽ ൽ നിന്നും സ്വതന്ത്രമായ ഒരു സ്ഥാപനമോ വ്യക്തിയോ ആണ്. ഓഡിറ്ററുടെ സേവനങ്ങൾക്കുള്ള പ്രതിഫലം ജി. എഫ്. ടി. എൻ. ഓ അപേക്ഷകനോ അല്ലെങ്കിൽ പങ്കാളിത്ത സ്ഥാപനമോ നൽകുന്നു എന്നത് മൂന്നാം കക്ഷിയുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നില്ല.

കുറിപ്പ്: ''ഐ. എസ്. ഓ/ ഐ ഈസി 17000:2004 കൺഫോർമിറ്റി അസ്സ്മന്റ് ശബ്ദാവലിയും പൊതു തത്ത്വങ്ങളും'' അടിസ്ഥാനപ്പെടുത്തിയുള്ളവയാണ് ഈ നിർകജചനം.

**മരം** എന്നതിനർത്ഥം തടി, നാര് കൂടാതെ വൃക്ഷങ്ങളിൽ നിന്നും ശേഖരിക്കുന്ന മറ്റ് സാമഗ്രികൾ എന്നാണ്.

വ്യാപാര പങ്കാളി എന്നതിനർത്ഥം വനവിഭവങ്ങൾ സംസ്കരിക്കുന്ന ആളോ, നിർമ്മിക്കുന്ന ആളോ, വിൽക്കുന്ന ആളോ, എടുത്തുകാട്ടുന്ന ആളോ അല്ലെങ്കിൽ അവസാന ഉപയോക്താവോ ആയ ഒരു ജി.എഫ്.ടി.എൽ. പങ്കാളിയാണ്.

**അറിയപ്പെടാത്ത സ്രോതസ്** എന്നത് താഴെപറയുന്ന ഒന്നോ അതിലധികമോ ആയ ഇനങ്ങളിൽ പെടുന്ന ഒരു സ്രോതസാണ് –

- ✓ വാങ്ങുന്ന സ്ഥാപനത്തിന് ഈ തടികളും നാരുകളുമെല്ലാം അല്ലെങ്കിൽ അതിൽ ഒരു ഭാഗം എവിടെയാണ് വളരുന്നത് എന്നറിയില്ല കൂടാതെ ആരാണ് ശേഖരിക്കുന്നത് എന്ന് തിരിച്ചറിയുവാനും കഴിയില്ല. സ്രോതസ്സായ വനം അല്ലെങ്കിൽ ഒന്നോ അതിലധികമോ ആയ സ്രോതസ് വനങ്ങൾ (പല സ്രോതസ്സുകൾ ഉള്ളപ്പോൾ) കൃത്യമായ സൂക്ഷ്മതയോടെ തിരിച്ചറിയുവാൻ കഴിയില്ല എന്നത് സ്രോതസ് അനധികൃതമായേക്കും എന്ന റിസ്ക് കൂടി ഉൾപ്പെടുന്നു – ഉദാഹരണത്തിന്, ലൊക്കേഷൻ ഒരു ജില്ലയുടെയത്രയും വലിപ്പമുള്ളതാണെങ്കിൽ റിസ്ക് കുറവാണ്, അല്ലെങ്കിൽ റിസ്ക്ക് വലുതായിരിക്കും, കൃത്യമായ ഫോറസ്റ്റ് മാനേജ് മെന്റ് യൂണിറ്റ് (എഫ്.എം.യു) തിരിച്ചറിയാവുന്നതായിരിക്കണം.

- ✓ വാങ്ങുന്നയാളിൽ നിന്നും സ്രോതസ്സിലേക്ക് ഉള്ള ശ്രംഖല മുറിയാതെ ഈ മരങ്ങളുടേയോ നാരുകളുടേയോ കൈവശാവകാശം പിൻ തുടരാൻ കഴിയാതെ വരിക.
- ✓ എല്ലാ സ്രോതസ് ലൊക്കേഷനുകളും, സ്രോതസ്സുകളും കൂടാതെ വിൽപ്പന ശ്രംഖലയിലെ ഇടനിലക്കാരേയും തിരിച്ചറിയുന്ന രേഖകൾ പ്രമാണ രേഖകൾ നൽകുന്നില്ല.
- ✓ ഈ പ്രമാണ രേഖയുടെ ആധികാരികത കാലാകാലങ്ങളിൽ പരിശോധിക്കുവാൻ ആവശ്യമായ സംവിധാനങ്ങൾ പങ്കാളിക്ക് ഉണ്ടാവില്ല.

**അനധികൃത സ്രോതസ്** എന്നത് താഴെയുള്ള ഒന്നോ അതിലധികമോ തരത്തിൽപ്പെട്ട സ്രോതസ്സാണ്–

- ✓ സ്രോതസ് വനം അല്ലെങ്കിൽ സ്രോതസ് വനങ്ങൾ (പല സ്രോതസുകൾ ഉള്ളപ്പോൾ) വളരെ ഉയർന്ന സംരക്ഷണ മൂല്യങ്ങൾ ഉൾപ്പെടുന്നതായി അറിയപ്പെടുന്നതായിരിക്കുമ്പോൾ, താഴെയുള്ളവ ഉൾപ്പെടാതെ–
  - ○ വനം സർട്ടിഫൈഡ് അല്ലെങ്കിൽ വിശ്വസനീയമായ ഒരു സർട്ടിഫിക്കേഷൻ സംവിധാനത്തിനു കീഴിൽ സർട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതാണങ്കിൽ, അല്ലെങ്കിൽ
  - ○ വനവും കൂടാതെ/അല്ലെങ്കിൽ ചുറ്റുമുള്ള ഭൂപ്രദേശങ്ങളും അത്തരം മൂല്യങ്ങൾ സംരക്ഷിക്കും വിധം പരിപാലിക്കപ്പെടുന്നുണ്ടന്ന് ഫോറസ്റ്റ് മാനെജർക്ക് തെളിയിക്കുവാൻ കഴിയുന്ന പക്ഷം.
- ✓ സ്രോതസ് വനം അല്ലെങ്കിൽ സ്രോതസ് വനങ്ങൾ (പല സ്രോതസുകൾ ഉള്ളപ്പോൾ) വളരെ ഉയർന്ന സംരക്ഷണ മൂല്യങ്ങൾ ഉൾപ്പെടുന്നതായി സംശയിക്കപ്പെടുകയും ഉത്പന്നം നൽകുന്ന പങ്കാളി പങ്കാളിത്തം ആരംഭിച്ചതിനു ശേഷമുള്ള 18 മാസക്കാലത്തിനുള്ളിൽ അസസ്സ്മന്റ് നടത്താതിരിക്കുകയും ചെയ്യുക.
- ✓ സ്രോതസ് വനം അല്ലെങ്കിൽ സ്രോതസ് വനങ്ങൾ (പല സ്രോതസുകൾ ഉള്ളപ്പോൾ) പ്രകൃതിദത്തമായ വനത്തിൽ നിന്നും ഒരു കൃഷിത്തോട്ടമായോ അല്ലങ്കിൽ മറ്റേതെങ്കിലും തരം ഭൂവിനിയോഗത്തിനു വേണ്ടിയോ മാറ്റിയെടുത്തതായിരിക്കുകയും ചുറ്റുപാടുമുള്ള ഭുപ്രദേശങ്ങൾ ഉയർന്ന സംരക്ഷണ മൂല്യങ്ങൾ പാലിക്കും വിധം ഉയർത്തപെടാതിരിക്കുക എന്നതടക്കം ഈ മാറ്റലിന് സാമൂഹ്യവും പരിസ്ഥിതിപരവുമായി ന്യായികരീക്കത്തക്ക കാരണങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുക.
- ✓ തടികളും നാരുകളും മുഴുവനുമായോ അല്ലെങ്കിൽ അതിലൊരു ഭാഗമോ നിയമവിരുദ്ധമായി ശേഖരിച്ചതോ വിറ്റതോ ആയിരിക്കുക.
- ✓ സംഘർഷ മരം ആണങ്കിൽ (അതായത്, ദേശത്തിന്റെ അല്ലെങ്കിൽ പ്രദേശത്തിന്റെ സ്ഥിരതയ്ക്ക് ഭീഷണിയാകും വിധമുള്ള സായുധ വിപ്ലവത്തിലൂടെ ശേഖരിക്കപ്പെട്ടതോ വിൽക്കപ്പെട്ടതോ ആയിരിക്കുക)
- ✓ ശേഖരിക്കുന്ന അല്ലെങ്കിൽ സംസ്കരിക്കുന്ന സ്ഥാപനമോ സ്ഥാപനങ്ങളോ അല്ലെങ്കിൽ ബന്ധപ്പെട്ട രാഷ്ട്രീയ/പട്ടാള ഭരണകൂടം മനുഷ്യാവകാശങ്ങൾ ലംഘിക്കുന്നതാകുക.
- ✓ തടികളിലും നാരുകളിലും ഒരു ഭാഗമോ അല്ലെങ്കിൽ മുഴുവനും തന്നേയോ ജനിതകമാറ്റം നടത്തിയ വൃക്ഷങ്ങളിൽ നിന്നുമാകുക
- ✓ സ്രോതസ് വനം അല്ലെങ്കിൽ വനങ്ങൾ അറിയപ്പെടാത്തതാകുക.

**നിയമപരമായി പരിശോധിക്കപ്പെട്ടത്** എന്നതിനർത്ഥം –

<u>പ്രമാണം</u>

- ✓ സ്രോതസ് അല്ലങ്കിൽ സ്രോതസുകൾ എല്ലാം അറിയപ്പെടുന്ന ലൈസൻസ് ഉള്ളവ സ്രോതസുകളായിരിക്കണം.
- ✓ സ്രോതസ് പ്രസ്ഥാനം അല്ലങ്കിൽ പ്രസ്ഥാനങ്ങൾ എല്ലാം തടി ശേഖരിച്ചത് നിയമപരമായി ആയിരിക്കണം.
- ✓ ശേഖരിക്കുന്നതുള്ള കൂലി കൃത്യമായി കൊടുത്തിരിക്കണം.
- ✓ ബാധകമായ ഫീസുകളും, നികുതികളും അല്ലങ്കിൽ മറ്റു ചാർജുകളും ഉദാ: കയറ്റുമതി നികുതികൾ ഒടുക്കിയവയായിരിക്കണം എന്നതടക്കം എല്ലാ തടികളും നിയമപരമായി വിറ്റവയായിരിക്കണം.

<u>പരിശോധിക്കേണ്ട ആവശ്യകതകൾ</u>

- ✓ മുഴുവൻ തടികളും നാരുകളും നിയമപരമായി ശേഖരിച്ചവയാണെന്നും, നിയമപരമായി വിൽപന നടത്തിയവയാണെന്നും ശേഖരിക്കുന്നതിനായുള്ള പണി കൂലി പൂർണ്ണമായും കൊടുത്തു തീർത്തു എന്നും മൂന്നാം കക്ഷി ആഡിറ്റർ ഉറപ്പാക്കണം.
- ✓ വാങ്ങുന്നയാളിൽ നിന്നും സ്രോതസ്സിലേക്ക് ഉള്ള ശ്രംഖല മുറിയാതെ ഈ മുഴുവൻ മരങ്ങളുടേയും നാരുകളുടേയും കൈവശാവകാശം പിൻ തുടരാൻ കഴിയുന്നതായിരിക്കണം.
- ✓ കൈവശാവകാശ ശ്രംഖലയുടെ ഡൊകുമൻ്റ്ഷൻ്റെ വിശ്വാസ്യത ഒരു മൂന്നാംകക്ഷി അഡിറ്റർ സ്ഥിരീകരിക്കുക.

കൂടുതൽ വിവരങ്ങൾക്ക് ദയവായി സന്ദർശിക്കുക: www.wwfindia.org/gftn